# കലയും സാഹിത്യവും

CLICK HERE



# കലയും സാഹിത്യവും

ഷിബു എ. എസ്.

## 'എന്റെ ജനതയുടെ വിശപ്പടക്കാനുള്ള വിത്തുപാകലാണ് എനിക്ക് എഴുത്ത്'

1. 'എന്റെ ജനതയുടെ വിശപ്പടക്കാനുള്ള വിത്തുപാകലാണ് എനിക്ക് എഴുത്ത്'. അമേരിക്കൻ സാഹിത്യത്തിൽ കാമനയുടെ വസന്തം തീർത്ത ഈ എഴുത്തുകാരിയുടെ സ്ലീപിങ് ബ്യൂട്ടി സീരീസിൽ 'ദ ക്ലെയ്മിങ് ഓഫ് സ്ലീപിങ് ബ്യൂട്ടി' എന്ന കൃതി തുടങ്ങി പിന്നീട് വന്ന മിക്ക രചനകളും ബെസ്റ്റ് സെല്ലറായിരുന്നു. 'ദ വാമ്പയർ ക്രോണിക്ക്ള്സ്' സീരീസിൽപ്പെടുന്ന എല്ലാ നോവലുകളും പ്രശസ്തമാണ്. 2021ൽ അന്തരിച്ച ഈ അമേരിക്കൻ എഴുത്തുകാരി ആരാണ്?

**ആൻ റൈസ്**

2. 'ഘാസിറാം കൊട്ടുവാൾ.' എന്ന പ്രശസ്ത നാടകത്തിന്റെ രചന നിർവ്വഹിച്ചത്

**വിജയ് ടെണ്ടുൽക്കർ**

3. 'വന്യജീവി ആവാസവ്യവസ്ഥ നഷ്ടപ്പെട്ടാൽ മടക്കിക്കൊണ്ടുവരാൻ കഴിയില്ല. ഒരു പിരമിഡിനെ മനുഷ്യന് പുനർനിർമ്മിക്കാം, പക്ഷേ ഒരു ജിറാഫിനെയോ പരിസ്ഥിതിയെയോ പുനഃസൃഷ്ടിക്കാൻ കഴിയില്ല.' പല ഭാഷകളിലും അച്ചടിച്ചിട്ടുള്ള 'ബോൺ ഫ്രീ' എന്ന പുസ്തകം രചിച്ച ഒരു പ്രകൃതി ശാസ്ത്രജ്ഞയുടേതാണ് ഈ വാക്കുകൾ. 'ബോൺ ഫ്രീ' എന്ന പേരിലുള്ള സിനിമ അക്കാദമി അവാർഡും നേടിയിട്ടുണ്ട്. ആരാണ് ഈ വ്യക്തി?

**ജോയി ആഡംസൺ**




4. 2022ലെ ബുക്കർ പുരസ്കാരത്തിന് പട്ടികപ്പെടുത്തിയ നോവലാണ് 'ഓ വില്ല്യം'. ഒരു അമേരിക്കൻ എഴുത്തുകാരിയുടെ ലൂസി ബാർട്ടൺ സീരീസിൽ ഉൾപ്പെട്ട നോവലാണ് ഇത്. സീരീസിലെ ആദ്യ നോവലായ 'മൈ നെയിം ഈസ് ലൂസി ബാർട്ടണും' 2016ൽ ബുക്കർ പുരസ്കാരത്തിന് പട്ടികപ്പെടുത്തിയിട്ടുണ്ട്. ആരാണ് ഈ നോവലിസ്റ്റ്?

**എലിസബത്ത് സ്ട്രൗട്ട്**

5. സാഹിത്യ അക്കാദമി അവാർഡ് നേടിയ 'അവധാരണം' എന്ന ഉപന്യാസ സമാഹാരത്തിന്റെ രചയിതാവ്.

**പ്രൊഫ. എം. കെ. സാനു**

6. ഹരിഹർ ക്ഷേത്രമേള എന്ന പേരിൽകൂടി അറിയപ്പെടുന്ന ബിഹാറിലെ പ്രശസ്ത കന്നുകാലി മേള

**സോനേപൂർ മേള**

7. സരസ്വതി സമ്മാൻ നേടിയ ആദ്യത്തെ മലയാളിയാണ് ബാലാമണിയമ്മ. ഏത് കൃതിക്കാണ് പുരസ്കാരം ലഭിച്ചത്?

**നൈവേദ്യം**

8. തന്റെ ആദ്യചിത്രം 1949 ൽ ഹോമി ജെ. ഭാഭയ്ക്ക് നല്കി. 1990 ൽ പദ്മശ്രീയും 2011 ൽ പദ്മഭൂഷണും ഈ ചിത്രകാരൻ നേടി. മുംബൈ പ്രോഗ്രസീവ് ആർട്ടിസ്റ്റ്സ് ഗ്രൂപ്പിലംഗമായിരുന്നു ഇദ്ദേഹം. ചിത്രകാരൻ ആകുന്നതിനുമുമ്പ് ഇദ്ദേഹം 12 വർഷം ബാങ്കർ ആയിരുന്നു. ആരാണ് ഈ കലാകാരൻ?

**കൃഷൻ ഖന്ന**

9. ലളിതാംബിക അന്തർജനം അവാർഡ് ആദ്യമായി നേടിയത്


**വൈക്കം മുഹമ്മദ് ബഷീർ**

10. ഗംഗാ നദിയെ പ്രകീർത്തിച്ചുകൊണ്ട് 'ഒ ഗംഗ ബെഹ്തി ഹൊ ക്യോം' എന്ന ഗാനം ചിട്ടപ്പെടുത്തിയ സംഗീതജ്ഞൻ ആരാണ്?

**ഭൂപൻ ഹസാരിക**

11. ഇന്ത്യൻ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്കം പ്രതിപാദിച്ചുകൊണ്ട് ആക്ടിവിസ്റ്റായ വാസന്ത് കന്നാബിരൻ രചിച്ച നോവൽ

**പങ്കജ**




12. ഒരു നൂറ്റാണ്ട് മുമ്പാണ് ബർണാഡ് ഷാ അന്നത്തെ ആൺ-പെൺ ബന്ധത്തെപ്പറ്റി നാടകം രചിച്ചത്. സ്ത്രീലമ്പടനായ ചാർട്ടേറിസ്, അയാളുടെ കാമുകി ജൂലിയ, അയാളുടെ പുതിയ പ്രണയിനി ഗ്രെയ്സ് എന്നിവരൊക്കെ കഥാപാത്രമാകുന്ന ഈ നാടകമേതാണ്?

**ഫിലാണ്ടറർ**

13. 'ഓൾഡ് ഗ്ലോറി : അൻ അമേരിക്കൻ വോയേജ്' – മിസിസിപ്പി നദിയിലൂടെയുള്ള ഈ യാത്രാവിവരണം എഴുതിയതാര്?

**ജോനാദൻ റാബൻ**

14. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'രമണൻ' എന്ന കൃതിയുടെ 16-ാം പതിപ്പ് മറ്റു പതിപ്പുകളിൽനിന്ന് വ്യത്യസ്തമാണ്. ഈ പതിപ്പിന്റെ അവതാരികയാണ് ഇതിന്റെ സവിശേഷത. ആരാണ് പതിനാറാം പതിപ്പിൽ അവതാരിക എഴുതിയത്?

**ജോസഫ് മുണ്ടശ്ശേരി**

15. വില്ല്യം ഷേക്സ്പിയറുടെ തൂലികയിൽനിന്ന് പിറവിയെടുത്ത ഗീതകങ്ങളുടെ എണ്ണം


**154**

16. • ബംഗാളി സാഹിത്യകാരനായ ഈശ്വർ ചന്ദ്ര ഗുപ്തയാണ് ഇദ്ദേഹത്തിന്റെ കാവ്യരചനകൾക്ക് പ്രചോദനം.
   • കൊൽക്കത്തയിലെ ബൗദ്ധികപ്രതിഭകളെ ആകർഷിക്കാൻ ഇദ്ദേഹത്തിന്റെ രചനകൾക്ക് സാധിച്ചിരുന്നു.
   • പക്ഷെ ഇദ്ദേഹത്തിന്റെ പ്രധാന സാഹിത്യമേഖല നാടകമാണ്.
   • 'നീൽ ദർപ്പൺ' ഇദ്ദേഹത്തിന്റെ പ്രശസ്ത നാടകമാണ്.
   • ആരാണ് ഈ പ്രശസ്ത ബംഗാളി നാടകകൃത്ത്?

**ദിനബന്ധു മിത്ര**

17. 2003 മുതൽ 2020 വരെ രചിക്കപ്പെട്ട സൽമാൻ റുഷ്ദിയുടെ ലേഖനങ്ങൾ സമാഹരിച്ച് പുറത്തിറക്കിയ പുസ്തകം

**ലാംഗ്വേജസ് ഓഫ് ട്രൂത്ത്**




18. ദ ലൈഫ്, ഐ ആം ടുമാറോ, ദ വിൻഡ് ബെറ്റ്വിൻ ദ വേൾഡ്സ് തുടങ്ങിയ ശാസ്ത്രകഥകൾ രചിച്ച അമേരിക്കൻ ശാസ്ത്രസാഹിത്യകാരൻ

**ലെസ്റ്റർ ഡെൽ റേ**

19. രാമചന്ദ്ര ഗുഹയുടെ രണ്ടുപുസ്തകങ്ങൾ, വിള്ളലുള്ള ഈ ഭൂമി (ദിസ് ഫിഷേഡ് ലാന്റ്), പരിസ്ഥിതിയും ധർമ്മവും (ഇക്കോളജി ആൻഡ് ഇക്വിറ്റി) രചിക്കപ്പെട്ടത് മറ്റൊരു വ്യക്തിയുമായി ചേർന്നാണ്. ആരാണ് ഈ സഹരചയിതാവ്?

**മാധവ് ഗാഡ്ഗിൽ**

20. ഷാൻഘായ് അന്തർദ്ദേശീയ ചലച്ചിത്രമേളയിൽ മികച്ച കലാമൂല്യമുള്ള ചിത്രത്തിനുള്ള ഗോൾഡൻ ഗോബ്ലെറ്റ് പുരസ്കാരം നേടിയ ആദ്യ ഇന്ത്യൻ ചലച്ചിത്രം

**വെയിൽമരങ്ങൾ**




21. ന്യൂഡൽഹിയിൽനിന്ന് സ്ഥിരമായി കളർ ടെലിവിഷൻ സംപ്രേക്ഷണം ആരംഭിച്ചത് 1982 ഏപ്രിൽ 25 മുതലായിരുന്നു. പ്രശസ്തനായ ഒരു ഇന്ത്യൻ സംവിധായകന്റെ രണ്ടുകഥാചിത്രങ്ങൾ കാണിച്ചുകൊണ്ടായിരുന്നു തുടക്കം. ഏതാണ് ചിത്രങ്ങൾ?

**സത്യജിത് റായിയുടെ സദ്ഗതി, ശത്‌രഞ്ജ് കേ ഖിലാഡി**

22. ആദ്യത്തെ അനിമേറ്റഡ് കാർട്ടൂൺ സിനിമ ഏതാണ്?

**ഹ്യൂമറസ് ഫെയ്സസ് ഓഫ് ഫണ്ണി ഫെയ്സസ്**

23. റിച്ചാർഡ് അറ്റൻബറോയുടെ 'ഗാന്ധി' എന്ന സിനിമയ്ക്ക് സംഗീതം നല്കിയ ഇന്ത്യക്കാരൻ

**പണ്ഡിറ്റ് രവിശങ്കർ**

24. 1803 മുതൽ 1857 വരെയുള്ള ഡൽഹി ചരിത്രത്തെ അനാവരണം ചെയ്തുകൊണ്ട് സ്വപ്ന ലിഡിൽ എഴുതിയ പുസ്തകം

**ദ ബ്രോക്കൺ സ്ക്രിപ്റ്റ്**

25. എല്ലാ വർഷവും ഫെബ്രുവരിയിൽ നടക്കുന്ന ഈ സംഗീത മേള ഇന്ത്യയിലെ നീണ്ട സംഗീതോത്സവങ്ങളിൽ പ്രമുഖമാണ്. മുംബൈയിലെ മെഹബൂബ് സ്റ്റുഡിയോസിലാണ് ഇത് അരങ്ങേറുന്നത്. മൂന്നുവർഷത്തെ ഇടവേളയ്ക്ക് ശേഷം നടന്ന ഈ സംഗീതനിശയുടെ 11-ാമത്തെ എഡിഷനാണ് ഇപ്പോൾ നടക്കുന്നത്. ഏതാണ് ഈ സംഗീതോത്സവം?

**മഹീന്ദ്ര ബ്ലൂസ് ഫെസ്റ്റിവൽ**





26. തമിഴിലെ യുവകവികളിൽ പ്രമുഖസ്ഥാനം. ജീവിത വൈരുദ്ധ്യങ്ങളെ നർമ്മം കലർത്തി രചനകളിൽ അവതരിപ്പിക്കുന്നു. തമിഴിൽ ചലച്ചിത്രഗാനങ്ങളും എഴുതും. യഥാർത്ഥ പേര് എ. സത്യമൂർത്തി. ആരാണ് ഈ എഴുത്തുകാരൻ?

**ഇശൈ**

27. 'ദ മ്യൂസിയം ഓഫ് ഇന്നസെൻസ്' ആരുടെ രചന?

**ഓർഹാൻ പാമുക്ക്**





# കലയും സാഹിത്യവും

**ഷിബു എ. എസ്.**

## ആദിവാസികലകളിൽ ഏറ്റവും ജനകീയമായ ചിത്രകല

1. ലിംഗവ്യത്യാസം ജീവശാസ്ത്രപരവും ലിംഗ പദവി സാമൂഹികവുമാണെന്നുള്ള ചിന്തകളെ റദ്ദാക്കുകയാണ് വിഖ്യാത ചിന്തകയും ആക്ടിവിസ്റ്റുമായ ജൂഡിത്ത് ബട്‌ലർ. മാനവികതയെ മുൻ നിർത്തിയുള്ള ആശയ ലോകങ്ങളിലൂടെ സഞ്ചരിക്കുന്ന ബട്‌ലറിന്റെ പഠനങ്ങൾ രേഖപ്പെടുത്തിയ പുസ്തകം
**അൺഡുയിങ് ജെൻഡർ**





2. ഹിറ്റ്ലറുടെ ഭരണകാലത്തെ വിശേഷിപ്പിക്കുന്ന പദപ്രയോഗമാണ് തേഡ് റെയ്ക്ക് (മൂന്നാം സാമ്രാജ്യം). അതേ പേരിലുള്ള ഈ പോസ്റ്റ്-ഡ്രാമ ഒരു നാടകമെന്നതിനെക്കാൾ വീഡിയോ ഇൻസ്റ്റലേഷൻ എന്ന് വിളിക്കാവുന്ന ഒന്നാണ്. ഇറ്റാലിയൻ നിഘണ്ടുവിലെ നാമരൂപങ്ങൾ തുടർച്ചയായി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ നാടകം ഒരുക്കിയ യൂറോപ്യൻ തീയേറ്ററിലെ പ്രശസ്ത ഇറ്റാലിയൻ നാടകപ്രവർത്തകൻ ആര്?
**റോമിയോ കാസ്റ്റെല്ലൂച്ചി**
3. ഏതാണ് ഈ പ്രശസ്ത ഇന്ത്യൻ ചിത്രകല?
   - ആദിവാസികലകളിൽ ഏറ്റവും ജനകീയമായ ചിത്രകല.
   - മഹാരാഷ്ട്രയുടെ വടക്കൻപ്രവിശ്യയിലും ഗുജറാത്തിന്റെ തെക്കൻ പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു ഈ ആദിവാസിസമൂഹം.
   - മൂവായിരം വർഷങ്ങളുടെ പാരമ്പര്യമുള്ള ചിത്രണ രീതിയാണിത്.
   - ഭിത്തിചിത്രങ്ങളായി വരച്ചിരുന്ന ഇവയെ ക്യാൻവാസിലും കടലാസിലും ആവിഷ്കരിച്ച് പ്രശസ്തമാക്കിയത് ജിവ്യ സോമ മാഷേയാണ്.

   **വർലി ചിത്രകല**
4. മിസ്റ്റർ ഇന്ത്യ, ബാൻഡിറ്റ് ക്വീൻ, എലിസബത്ത്, വാട്സ് ലവ് ഗോട്ട് ടു ഡു വിത് ഇറ്റ് (What's Love Got To Do With It?) എന്താണ് ഈ ചലച്ചിത്രങ്ങളുടെ പ്രത്യേകത?
**പ്രശസ്ത സംവിധായകൻ ശേഖർ കപൂർ ഒരുക്കിയ ചിത്രങ്ങൾ**
5. കാമരൂപ എന്നറിയപ്പെട്ടിരുന്ന ഇന്ത്യൻ സംസ്ഥാനം
**അസ്സാം**
6. 'തിയറി ഓഫ് മ്യൂസിക്കൽ ഇൻസ്ട്രമെന്റ്സ്' എന്ന കൃതി രചിച്ച ഇന്ത്യൻ ശാസ്ത്രജ്ഞൻ
**സി. വി. രാമൻ**
7. സാമുവൽ റിച്ചാർഡ്സൺ രചിച്ചതും ഇംഗ്ലീഷിലെ ആദ്യ നോവലുമായ കൃതി കത്തുകളുടെ രൂപത്തിലാണ്. ഏതാണ് നോവൽ?
**പമീല**




8. ചമ്പാഴിയോട്ടു പൂവള്ളി എന്ന തറവാട് ഏതു നോവലിലേതാണ്?
**ഇന്ദുലേഖ**
9. കോട്ടയം മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറായിരുന്ന ഇദ്ദേഹത്തിനാണ് 1994ൽ ജ്ഞാനപീഠം ലഭിച്ചത്. ആരാണീ സാഹിത്യകാരൻ?
**യു. ആർ. അനന്തമൂർത്തി**
10. 'ഹോളി ഫാമിലി' ചിത്രം വരച്ച ചിത്രകാരൻ ആര്?
**മൈക്കലാഞ്ചലോ**
11. ബ്രിട്ടനിലെ ആദ്യത്തെ ആസ്ഥാനകവി
**ജോൺ ഡ്രൈഡൻ**
12. മലയാളവും സംസ്കൃതവും കലർന്ന മിശ്രസാഹിത്യഭാഷയ്ക്ക് പറഞ്ഞിരുന്ന പേര്
**മണിപ്രവാളം**
13. 1971 ൽ കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതിയാണ് 'അഗ്നി ശലഭങ്ങൾ'. ആരാണ് കവി?
**ഒ.എൻ.വി. കുറുപ്പ്**
14. മലയാളത്തിലെ അതുല്യ പ്രതിഭയായ നോവലിസ്റ്റ് തകഴി ഒരു നാടകവും രചിച്ചിട്ടുണ്ട്. ഏതാണ് നാടകം?
**തോറ്റില്ല**
15. ഇന്ത്യയുടെ ആദ്യ പ്രധാന മന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ മതേതരത്വത്തിലും സോഷ്യലിസത്തിലുമുള്ള വീക്ഷണങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പുസ്തകമാണ് 'നെഹ്റൂസ് ഇന്ത്യ: എ ഹിസ്റ്ററി ഇൻ സെവൻ മിത്ത്സ്'. ആരാണ് ഈ പുസ്തകം രചിച്ച ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് & പൊളിറ്റിക്കൽ സയൻസിലെ അധ്യാപിക?
**ടെയ്‌ലർ സി. ഷെർമൻ**




16. ഈ കലാകാരിയെ തിരിച്ചറിയുക.
ഛത്തീസ്ഗഢിന്റെ തലസ്ഥാനമായ റായ്പുരിലാണ് പുപ്പത്ര എന്ന ഗോത്രദേശം. ഇവിടെയുള്ള രജവാർ ഗോത്രഗ്രാമങ്ങളിലാണ് രജവാർ കല പ്രസിദ്ധി നേടിയത്. രജവാർ കലയെ നവീകരിക്കുന്നതിനും വിശ്വോത്തരമാക്കുന്നതിനും പ്രധാന പങ്ക് വഹിച്ച ഈ കലാകാരിയുടെ പേരിലാണ് കേരള ലളിതകലാ അക്കാദമി 2010ൽ ഒരു പുരസ്കാരം ഏർപ്പെടുത്തിയത്. രജവാർ കലയിൽ പേരുകേട്ട ഈ കലാകാരി ആരാണ്?
**സോനാബായ്**
17. 
   - 18-ാം നൂറ്റാണ്ടിലെ അവസാന ദശകങ്ങളിൽ സ്പെയിനിൽ രൂപപ്പെട്ടുവന്ന ഈ നൃത്തത്തിൽ സ്ത്രീയും പുരുഷനും ജോഡിയായാണ് ചുവട് വയ്ക്കുന്നത്.
   - പതിഞ്ഞ താളത്തിലുള്ള ഒരു നാടോടി ഗാനത്തിന്റെ അകമ്പടിയോടെയാണ് കലാകാരന്മാർ നൃത്തം ചെയ്യുന്നത്.
   - ഫ്രാൻസിലും ലാറ്റിൻ അമേരിക്കയിലും വരെ ഈ നൃത്തം പ്രചാരം നേടി. ഒരുകാലത്ത് സ്പെയിനിന്റെ ദേശീയ നൃത്തമായി കൂടി ഇതിനെ പരിഗണിച്ചിരുന്നു. ഏതാണ് ഈ നൃത്തരൂപം?

   **ബൊലെറോ**
18. 'ഐ ലവ് യു, മൊസാർട്ട്' എന്ന ഫ്യൂഷൻ ആൽബം ഏത് പ്രസിദ്ധ ദക്ഷിണേന്ത്യൻ സംഗീതസംവിധായകന്റേതാണ്?
**ഇളയരാജ**
19. 'ദ ഗ്രേറ്റ് ക്യാറ്റ് മസാക്കർ ആൻഡ് അദർ എപ്പിസോഡ്സ് ഇൻ ഫ്രഞ്ച് കൾച്ചറൽ ഹിസ്റ്ററി' എന്ന പുസ്തകം രചിച്ച അമേരിക്കൻ ചരിത്രകാരൻ
**റോബർട്ട് ഡാർട്ടൺ**
20. 1954 ൽ പുറത്തിറങ്ങിയ നീലക്കുയിൽ എന്ന സിനിമയ്ക്ക് തിരക്കഥ തയ്യാറാക്കിയ സാഹിത്യകാരൻ
**ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ)**




21. ദക്ഷിണേന്ത്യ പശ്ചാത്തലമാക്കിയുള്ളതാണ് സൽമാൻ റുഷ്ദിയുടെ പുതിയ നോവൽ. എന്താണ് നോവലിന്റെ പേര്?
**വിക്ടറി സിറ്റി**
22. ഏപ്രിലാണ് ഏറ്റവും ക്രൂരമാസം എന്ന വരിയിൽ ആരംഭിക്കുന്ന ഇംഗ്ലീഷ് കാവ്യമേത്? ആരാണ് കവി?
**ദ വേസ്റ്റ് ലാൻഡ്, ടി. എസ്. ഇലിയറ്റ്**
23. വീരസാഹസിക കഥാപാത്രമായ ടാർസനെക്കുറിച്ച് ആദ്യം പുറത്തുവന്ന ചലച്ചിത്രം ഏത്?
**ടാർസൻ ഓഫ് ദി ഏപ്സ്**
24. കഥകളിവേഷത്തിന്റെ മുടിക്ക് പറയുന്ന പേര്?
**ചാമരം**
25. 'ഇൻ ദ ലൈൻ ഓഫ് ഫയർ: എ മെമ്മോയർ' എഴുതിയതാര്?
**പർവേസ് മുഷറഫ്**
26. മാർക്കേസ് തന്റെ ഇഷ്ടപ്പെട്ട നോവലായാണ് ഇതിനെ കരുതുന്നത്. 1982 ൽ പ്രസിദ്ധീകരിച്ച ഈ നോവൽ ഒരു കൊലപാതകത്തെ പശ്ചാത്തലമാക്കിയുള്ള കുറ്റാന്വേഷണകഥയാണ്. ഏതാണ് ഈ നോവൽ?
**ക്രോണിക്കിൾ ഓഫ് എ ഡെത്ത് ഫൊർടോൾഡ്**
(Chronicle of a Death Foretold)
27. ആരാണ് ഈ കലാകാരൻ?
   - 2006 ൽ മികച്ച പുതു കലാകാരൻ (Best New Artist) എന്ന വിഭാഗത്തിൽ ഇദ്ദേഹത്തിന് ആദ്യ ഗ്രാമി പുരസ്കാരം.
   - തുടർന്നിങ്ങോട്ട് 11 ഗ്രാമി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടിയെത്തി.
   - 2015ൽ ഇദ്ദേഹത്തിന്റെ 'ഗ്ലോറി'ക്ക് മികച്ച മൂലഗീതത്തിനുള്ള (Best Original Score) അക്കാദമി അവാർഡും ലഭിച്ചു.

   **ജോൺ ലെജൻഡ്**



28. മജർക (Mazurka) ഏത് യൂറോപ്യൻ രാജ്യത്തിന്റെ നൃത്തമാണ്?
**പോളണ്ട്**
29. ബാണ്ടു ഭാഷകൾ സംസാരിക്കുന്നത് ഏത് ഭൂഖണ്ഡത്തിലാണ്?
**ആഫ്രിക്ക**

**ഷിബു എ. എസ്.**


# കലയും സാഹിത്യവും



## "സുഹൃത്തേ നമ്മൾ ജാഗരൂകരായിരിക്കണം. എപ്പോഴാണ് ഈ കണ്ണുകൾ കുത്തിപ്പൊട്ടിക്കുന്നതെന്നറിയില്ല."

1. ക്യൂബിസം എന്ന ചിത്രകലാപ്രസ്ഥാനം രണ്ടു ചിത്രകാരന്മാരാണ് തുടങ്ങിവച്ചത്. ആരാണിവർ?

**പാബ്ലോ പിക്കാസോ, ജോർജ്ജസ് ബ്രാക്ക്**



2. കവിതയ്ക്ക് നാലു പുലിറ്റ്സർ പുരസ്കാരങ്ങൾ ലഭിച്ച ഒരേയൊരു വ്യക്തിയാണ് ഈ അമേരിക്കൻ കവി. ഇദ്ദേഹത്തിന്റെ പ്രശസ്ത വരികളാണ് 'മൈൽസ് ടു ഗോ ബിഫോർ ഐ സ്ലീപ്പ്'. ആരാണ് ഈ അമേരിക്കൻ കവി?

**റോബർട്ട് ഫ്രോസ്റ്റ്**



3. താഴെ നൽകിയിട്ടുള്ള പ്രസ്താവനകളിൽനിന്ന് കലാകാരനെ തിരിച്ചറിയുക:

• തുണി, പ്ലാസ്റ്റർ, ഇനാമൽ എന്നിവ ഉപയോഗിച്ച് 'വാസ്കോഡ ഗാമ' എന്ന ശില്പം നിർമ്മിച്ചു.

• തൊട്ടടുത്ത വർഷം 1985ൽ പ്രശസ്ത ശില്പം കള്ളൻ (The Thief) പെയിന്റഡ് ഫൈബർ ഗ്ലാസ് മാധ്യമത്തിൽ ഒരുക്കി.


• തന്റെ ഒരു ശില്പത്തിന് ഇദ്ദേഹം എഴുതിയ മേൽക്കുറിപ്പ് ശ്രദ്ധേയമാണ്: 'സുഹൃത്തേ നമ്മൾ ജാഗരൂകരായിരിക്കണം. എപ്പോഴാണ് ഈ കണ്ണുകൾ കുത്തിപ്പൊട്ടിക്കുന്നതെന്നറിയില്ല.'

**കെ. പി. കൃഷ്ണകുമാർ**



4. 'ഈസ് പാരീസ് ബേണിങ്', 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' എന്നീ പുസ്തകങ്ങൾ ലാരി കോളിൻസുമായി ചേർന്ന് പ്രസിദ്ധീകരിച്ചതിന് ശേഷം 'ദ സിറ്റി ഓഫ് ജോയ്' എന്ന അവിസ്മരണീയ രചന നടത്തിയ സാഹിത്യകാരൻ.

**ഡൊമിനിക് ലാപിയർ**




5. ഈ എഴുത്തുകാരനെ തിരിച്ചറിയുക.

• തമിഴിലെ അറിയപ്പെടുന്ന നോവലിസ്റ്റ്.

• ഗാന്ധിയൻ ചിന്തകളിൽ ആകൃഷ്ടനായി കോളേജ് പഠനം ഉപേക്ഷിച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായി.

• ജ്ഞാനപീഠം, സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

• 'ചിത്തിരപ്പാവൈ' എന്ന തമിഴ് നോവലിനാണ് ജ്ഞാനപീഠം.

**അഖിലൻ (പി. വി. അഖിലാണ്ഡം)**

6. 1959ൽ ഉത്തർ പ്രദേശിൽ ജനിച്ച ഈ സാഹിത്യകാരൻ ആൻഡമാനിലെ പോർട്ട് ബ്ലെയർ ജവഹർലാൽ നെഹ്റു ഗവ. പി.ജി. കോളേജിൽ ഹിന്ദി വിഭാഗം മേധാവിയായിരുന്നു. സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായിരുന്ന ഇദ്ദേഹം കഥ, കവിത, വിമർശന മേഖലകളിൽ 26 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 'ആൻഡമാൻ കി ചുനിന്ദ കഹാനിയാൻ', 'കവിത കി നയി സംവേദന' എന്നിവ പ്രശസ്ത രചനകളാണ്. ആരാണ് ഈ സാഹിത്യകാരൻ?

**ഡോ. വ്യാസ് മണി ത്രിപാഠി**

7. ആത്മീയതയുമായി ബന്ധപ്പെട്ട പാശ്ചാത്യ കാഴ്ചപ്പാടുകളെ മാറ്റിമറിച്ച സ്വാമി വിവേകാനന്ദന്റെ ജീവിതത്തെ അടിസ്ഥാനമാക്കി റൂത്ത് ഹാരീസ് എഴുതിയ ജീവചരിത്രം

**Guru to the World: The Life and Legacy of Vivekananda**

8. ഇന്ത്യയിലെ ഒരു പ്രമുഖ സാഹിത്യ പുരസ്കാരത്തിന്റെ ഉത്ഭവം വ്യവസായി ശാന്തി പ്രസാദ് ജൈനിന്റെ 50-ാം പിറന്നാൾ ആഘോഷവേളയിൽ നടന്ന ഒരു ചർച്ചയിൽ നിന്നായിരുന്നു. ഓരോ വർഷവും ഇന്ത്യയിലെ പല ഭാഷകളിലെ സാഹിത്യകൃതികളെ താരതമ്യവിലയിരുത്തൽ നടത്തി ഒരു മികച്ച കൃതി തിരഞ്ഞെടുക്കണമെന്നായിരുന്നു തീരുമാനം. അങ്ങനെ1965ൽ ആദ്യമായി പുരസ്കാരപ്രഖ്യാപനവുമുണ്ടായി. ഒരു ലക്ഷം രൂപയായിരുന്നു സമ്മാനത്തുക. ഏതാണ് ഈ സാഹിത്യപുരസ്കാരം?

**ജ്ഞാനപീഠം**

9. വീടില്ലാതെ നാടോടി ജീവിതം നയിക്കാൻ നിർബന്ധിതരാകുന്നവരുടെ ജീവിതകഥ പറയുന്ന ഈ ചിത്രം 2021ൽ ഓസ്കാറിൽ തിളങ്ങിയ ചിത്രമാണ്. 'നൊമാഡ് ലാൻഡ്' എന്ന ഈ ചിത്രം സംവിധാനം ചെയ്തതാര്?

**ക്ലോ ഷാവോ**

10. സത്യജിത് റായിയുടെ 'ജൽസാഘർ' എന്ന സിനിമയ്ക്ക് ആധാരമായ കഥ ആരാണ് എഴുതിയത്?

**താരാശങ്കർ ബാനർജി**

11. ഝാൻസി റാണിയുടെ യഥാർത്ഥ പേര്?

**മണികർണ്ണിക**

12. രവീന്ദ്രനാഥ ടാഗോറിന്റെ ചലച്ചിത്ര സമീപനങ്ങൾ വിശദീകരിക്കുന്ന നിരൂപണഗ്രന്ഥം 'ടാഗോർ സിനിമ ആൻഡ് ദ പോയട്രി ഓഫ് മൂവ്മെന്റ്' എഴുതിയതാര്?

**ഇന്ദ്രനീൽ ചക്രവർത്തി**

13. ഉണരുന്ന ഇന്ത്യ രചിച്ചത്

**എൻ. വി. കൃഷ്ണവാര്യർ**

14. പ്രസിദ്ധ ബംഗാളി ചലച്ചിത്രകാരൻ ബുദ്ധദേബ് ദാസ് ഗുപ്ത 2012ൽ സംവിധാനം ചെയ്ത 'മുക്തി' എന്ന ചലച്ചിത്രം ഒരു പ്രശസ്ത ഇന്ത്യൻ കവിയുടെ കവിതയെ അവലംബമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. ആരുടെ കവിതയാണ്?

**രവീന്ദ്രനാഥ് ടാഗോർ**

15. 'അപ്പൂപ്പന്റെ കത്തുകൾ' എന്ന യാത്രാവിവരണം രചിച്ചത്

**നിത്യചൈതന്യയതി**

16. ഒഡിഷയിലെ ആദിവാസിസമൂഹങ്ങളിൽ ഏറ്റവും പുരാതനമായ ഗോത്രമാണ് സൗരകളുടേത്. നായാടികളായ കാർഷികസമൂഹമാണ് സൗരവർ. ഇവർ പ്രചരിപ്പിച്ച ചിത്രകല ഏതാണ്?

**സൗരചിത്രങ്ങൾ**

17. സ്ഫിൻക്സ് എന്ന പ്രാചീനശില്പം ഏതു രാജ്യത്തിലാണ്?

**ഈജിപ്ത്**

18. കേരള സർക്കാരിന്റെ പ്രഥമ 'കണിക്കൊന്ന' പുരസ്കാരം ലഭിച്ചതാർക്ക്?

**മലയാളം മിഷൻ, യു. കെ. ചാപ്റ്റർ**

19. 'രാവണപ്രഭു' എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന ഹാസ്യകവിയും ബാലസാഹിത്യകാരനുമായ എഴുത്തുകാരൻ

**മേനോത്ത് രാമകൃഷ്ണൻ നായർ**

20. ആഷിഷ് അവികുന്തക് ബംഗാളിയിൽ 'നിരാകാർ ഛായ' എന്ന പേരിൽ ഒരു സിനിമ സംവിധാനം ചെയ്തിരുന്നു. എന്നാൽ ഈ സിനിമയ്ക്ക് ആധാരമായ രചന ഒരു മലയാളം നോവലാണ്. ഏതാണ് നോവൽ?

**പാണ്ഡവപുരം (സേതു)**

21. മലയാളത്തിലെ പ്രശസ്തമായ ഒരു നോവലിന് പശ്ചാത്തലമായിട്ടുള്ളത് ചെതലിമലയുടെ താഴ്‌വാരത്തിലുള്ള ഒരു ഗ്രാമമാണ്. ഏതാണ് നോവൽ?

**ഖസാക്കിന്റെ ഇതിഹാസം**

22. 1962ൽ ഇറങ്ങിയ ഈ ജെയിംസ് ബോണ്ട് ചിത്രത്തിൽ നായികയായത് പ്രശസ്ത നടി ഉർസുല ആൻഡ്രസ് ആണ്. ഏതാണ് ഈ ചിത്രം?

ഡോ. നൊ

23. • തൃശൂരിൽ സമാപിച്ച അന്താരാഷ്ട്ര നാടകമേളയിൽ അവതരിപ്പിച്ച 'കാഫ്ക' എന്ന നാടകം എഴുതി സംവിധാനം ചെയ്തത് ഇദ്ദേഹമാണ്. ഈ നാടകത്തിൽ ഇദ്ദേഹം അഭിനയിക്കുക കൂടി ചെയ്തു.

• ആധുനിക നാടക അഭിനയ രീതിയിൽ ശരീരത്തോടൊപ്പം ഏകാഗ്രമായ മനസ്സും പ്രവർത്തിക്കണമെന്ന സിദ്ധാന്തം പ്രചരിപ്പിക്കാനായി ഒറിയൻ തിയേറ്റർ ഗ്രൂപ്പ് എന്ന നാടകസംഘം ആരംഭിച്ചതും ഇദ്ദേഹമാണ്.

• ആരാണീ ലോകപ്രസിദ്ധ ഇറാനി/ഫ്രഞ്ച് നാടക പ്രവർത്തകൻ?

**മേഹ്ദി ഫറച്ച്പുർ**

24. ഏത് നോവലിലാണ് ഷെർലക് ഹോംസ് എന്ന കഥാപാത്രം ആദ്യമായി പ്രത്യക്ഷപ്പെടുന്നത്?

**എ സ്റ്റഡി ഇൻ സ്കാർലറ്റ്**

25. ഫ്രാങ്കോ മാരി അരോയറ്റിന്റെ പ്രശസ്തമായ തൂലികാനാമം

**വോൾട്ടയർ**

ഷിബു എ. എസ്.

# കലയും സാഹിത്യവും



## "ചരിത്രത്തിന്റെ ചക്രങ്ങളെ തിരിക്കുന്നത് രക്തമാണ്."

1. രവീന്ദ്രനാഥ ടാഗോർ തന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ട് നിൽക്കുന്ന ഒരു ചെറു നോവൽ എഴുതിയിട്ടുണ്ട്. 'നഷ്ടനീഡ്' (തകർന്ന കൂട്) എന്നാണ് നോവലിന്റെ പേര്. 1964 ൽ പ്രശസ്ത ബംഗാളി സംവിധായകൻ സത്യജിത് റായ് ഈ നോവലിനെ അവലംബമാക്കി ഒരു സിനിമ ഒരുക്കിയിട്ടുണ്ട്. ഏതാണ് സിനിമ?

**ചാരുലത**

2. പാലസ്തീൻ ചിത്രകാരനായ ഇദ്ദേഹത്തിന്റെ 'സമാധാനവും കരുത്തും' എന്ന പ്രശസ്ത ചിത്രം 2018ൽ ഉറുഗ്വായ് അവരുടെ സ്റ്റാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരാണ് ചിത്രകാരൻ?

**ഇമാദ് അബു ഷ്തയ്യ**

3. ആസാമിന്റെ ദേശീയോത്സവമാണ് ബിഹു. വർഷത്തിൽ മൂന്നു കാലഘട്ടത്തിൽ നടക്കുന്ന ആഘോഷങ്ങളിൽ പ്രധാനപ്പെട്ടതേത്?

**രംഗോലി ബിഹു**

4. 'അനുഷ്ഠാനം, പുരാവൃത്തം, പൊരുൾ' ആരുടെ കൃതിയാണ്?

**വിദ്യാസാഗർ**

5. രാജസ്ഥാനിലെ വസ്ത്രനഗരമാണ് ബിൽവാഡ ജില്ല. ഇവിടത്തെ പുരാതനനഗരമായ സഹപുരയിൽ ചീപ്പ എന്ന പിന്നോക്ക സമുദായത്തിൽപ്പെട്ട ജോഷി ഗോത്രത്തിൽ പ്രചാരത്തിലുള്ള ചിത്രകല

**പർചിത്ര (ഫട്ചിത്ര)**

6. 'മറുകര' ആരുടെ കവിതാസമാഹാരമാണ്?

**സി. വി. ബാലകൃഷ്ണൻ**

7. പേർഷ്യൻ കാവ്യസാഹിത്യത്തിന് തുടക്കം കുറിച്ചത് ഫിർദൗസിയുടെ ഷാഹനാമയാണ്. ഫിർദൗസിയുടെ യഥാർത്ഥ പേരെന്താണ്?

**അബുൽഖാസിം ഹസൻ ഇബ്നു അലി മൻസൂർ**

8. കഥകളിയുടെ അടിസ്ഥാനമുദ്രകൾ എത്ര?

**24**

9. പ്രൊഫ. സുകുമാർ അഴീക്കോടിനുശേഷം നാഷണൽ ബുക്ക് ട്രസ്റ്റ് ചെയർമാനായിരുന്ന മലയാളി ആരാണ്?

**എ. സേതുമാധവൻ (സേതു)**

10. ലതാ മങ്കേഷ്കറുടെ പേരിലുള്ള ദേശീയ സംഗീത പുരസ്കാരം നല്കുന്നത് ഏത് സംസ്ഥാന സർക്കാരാണ്?

**മധ്യപ്രദേശ്**

11. ജീൻസിന് ഉപയോഗിക്കുന്ന പരുത്തിത്തുണിയായ ഡെനിം ഏത് രാജ്യത്താണ് ഉത്ഭവിച്ചത്?

**ഫ്രാൻസ്**

12. ജയിംസ് ജോയ്സിയുടെ 'യുലീസസ്' ഒരു നഗരത്തിലെ ഒറ്റ ദിവസത്തെ കഥയാണ്. ഏതു നഗരം? ഏത് ദിവസം?

**ഡബ്ലിൻ, 1916 ജൂൺ 16**

13. തെക്കേ ഇന്ത്യയിൽ ചിത്രരചനയിലേർപ്പെടുന്ന ഏക ആദിവാസിഗോത്രമാണ് ഈ ചിത്രകലക്ക് പിന്നിൽ. തമിഴ്നാട്ടിലെ നീലഗിരി മലമടക്കുകളിലെ എഴുത്തുപാറയ്, വെള്ളാനിക്കോബൈ തുടങ്ങിയ പ്രദേശങ്ങളിലാണ് ഈ കല ഏറെയും കാണപ്പെടുന്നത്. ഏതാണ് ഈ ചിത്രകല?

**കുറുമ്പ ചിത്രങ്ങൾ**



14. 'ചരിത്രത്തിന്റെ ചക്രങ്ങളെ തിരിക്കുന്നത് രക്തമാണ്'. ആരുടെ വാക്കുകളാണ് ഇത്?

**മുസോളിനി**

15. ഇന്ത്യയിൽ ഹിന്ദുക്കളും മുസ്ലിങ്ങളും വലിയ ഉരസലുകളില്ലാതെ തോളോട് തോൾ ചേർന്ന് ജീവിച്ചിരുന്നതാണ് ചരിത്രമെന്നും നിത്യജീവിതത്തിൽ സംഘർഷങ്ങൾക്കു പകരം സഹവർത്തിത്വമാണ് ഇരുസമുദായങ്ങൾക്കുമിടയിൽ നിലവിലുണ്ടായിരുന്നതെന്നും ജാക്കി അസ്സയാങ് തന്റെ പുസ്തകത്തിൽ പറയുന്നു. ഏതാണ് ഈ പുസ്തകം?

**അറ്റ് ദ കോൺഫ്ലുയെൻസ് ഓഫ് ടു റിവേഴ്സ് (At the Confluence of Two Rivers)**

16. വൈറ്റ് ടൈഗർ എഴുതിയതാര്?

**അരവിന്ദ് അഡിഗ**

17. ഫെമിനിസത്തെ സംബന്ധിച്ച ക്ലാസിക് രചനയായി കാണുന്ന 'സെക്ഷ്വൽ പൊളിറ്റിക്സ്' എഴുതിയ അമേരിക്കൻ എഴുത്തുകാരിയും സാമൂഹ്യ പ്രവർത്തകയുമായ വനിത ആര്?

**കെയ്റ്റ് മില്ലറ്റ്**

18. 'ഇൻ ദ ലൈൻ ഓഫ് ഫയർ: എ മെമ്മയർ' ആരുടെ പുസ്തകം?

**പർവേസ് മുഷ്റഫ്**

19. ലോക കലാ സാംസ്കാരങ്ങളുടെ ബഹുസ്വര ഇടമായ ബിനാലെ ആരംഭിച്ചത് എവിടെ നിന്നാണ്? എപ്പോൾ?


**വെനീസ്, 1895**

20. ജെയിംസ് ബോണ്ട് ചിത്രങ്ങളിലെ 25 -ാമത് സിനിമയിലാണ് ഡാനിയേൽ ക്രേഗ് അവസാനമായി അഭിനയിച്ചത്. ഏതാണ് ചിത്രം?

**നോ ടൈം ടു ഡൈ**


21. ഈ വ്യക്തിയെ തിരിച്ചറിയുക.
- അപൂർവമായ അനേകം ഇന്ത്യൻ സിനിമകളെ വീണ്ടെടുത്ത ആർക്കൈവിസ്റ്റ്.
- 1991ൽ നാഷണൽ ഫിലിം ആർക്കൈവ് ഡയറക്ടറായി വിരമിച്ച ഇദ്ദേഹം പന്ത്രണ്ടായിരത്തോളം സിനിമകൾ സംരക്ഷിച്ചിട്ടുണ്ട്.
- ഇദ്ദേഹത്തിന്റെ ചലച്ചിത്രവ്യക്തിത്വത്തെ അടയാളപ്പെടുത്തുന്ന പുസ്തകമാണ് 'ഇന്നലെകളുടെ സിനിമകൾ, എന്നത്തേയ്ക്കും'.

**പി. കെ. നായർ**



22. 'ദ കിങ്ഡം ഓഫ് ഗോഡ് ഈസ് വിത്തിൻ യു' ആരുടെ രചനയാണ്?

**ലിയൊ ടോൾസ്റ്റോയി**




23. 
- ആമസോൺ ബുക്സ് ഇന്ത്യൻ എഴുത്തുകാരുടെ വായിച്ചിരിക്കേണ്ട 100 പുസ്തകങ്ങളുടെ പട്ടികയിൽ ഇദ്ദേഹത്തിന്റെ 'അസുര' നോവലും ഉൾപ്പെടുത്തിയിരുന്നു.
- 2015ലും 2017ലും ഫോബ്സ് ഇന്ത്യ തയ്യാറാക്കിയ 100 മഹത് വ്യക്തികളുടെ പട്ടികയിൽ ഇദ്ദേഹവും ഇടംപിടിച്ചു.
- പുരാണങ്ങളെയും ഇതിഹാസങ്ങളെയും അടിസ്ഥാനപ്പെടുത്തി പുസ്തകങ്ങൾ എഴുതുന്ന, മിത്തോളജിക്കൽ ഫിക്ഷൻ, വിഭാഗത്തിൽപ്പെടുന്ന എഴുത്തുകാരനാണ് ഇദ്ദേഹം.
- ആരാണീ മലയാളിയായ എഴുത്തുകാരൻ?

**ആനന്ദ് നീലകണ്ഠൻ**



24. ഈ വ്യക്തിയെ തിരിച്ചറിയുക.
- ഇദ്ദേഹത്തിന്റെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസദിനമായി ആചരിക്കുന്നത്.
- ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവ് എന്ന രീതിയിലാണ് ഇദ്ദേഹം മഹാത്മ ഗാന്ധിയുമായി അടുത്തത്.
- 'ഇൻഡ്യ വിൻസ് ഫ്രീഡം' പ്രശസ്ത രചനയാണ്.
- 'ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ്' സ്ഥാപിച്ചത് ഇദ്ദേഹമാണ്.

**മൗലാന അബ്ദുൾ കലാം ആസാദ്**



25. 
- ഗോവർധൻ റാം ത്രിപാഠിയാണ് നോവലിസ്റ്റ്.
- ഗുജറാത്തി ഭാഷയിൽ എഴുതിയ നോവലിൽ ആധുനികതയാണ് പ്രധാന പ്രമേയം.
- വിധവ വിവാഹം, ബ്രിട്ടീഷ് ഭരണമുണ്ടാക്കിയ സാമ്പത്തിക പ്രശ്നങ്ങൾ, സാർവത്രികമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തുടങ്ങിയവയെല്ലാം നോവലിന്റെ വിഷയങ്ങളാണ്.
- ഇന്ത്യൻ നവോത്ഥാനത്തിന്റെ പാഠപുസ്തകങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്ന ഈ നോവലിന്റെ പേര് എന്താണ്?

**സരസ്വതിചന്ദ്ര**



# കലയും സാഹിത്യവും


ഷിബു എ. എസ്.



## ആധുനിക ഇന്ത്യയിലെ ടാഗോർ

1. • കർണ്ണാടകയിൽനിന്ന് ജ്ഞാനപീഠം നേടിയവരിൽ മൂന്നാമനാണ് ഇദ്ദേഹം.
• എഴുത്തുകാരൻ എന്നതിനെക്കാളുപരി പരിസ്ഥിതിസംരക്ഷകൻ കൂടിയാണ് ഈ നോവലിസ്റ്റ്.
• മൂകാജ്ജിയ കനസുഗലു, ചോമനദുഡി എന്നിവ പ്രശസ്ത രചനകളാണ്.
• ബഹുമുഖ പ്രതിഭയായ ഇദ്ദേഹത്തെ ആധുനിക ഇന്ത്യയിലെ രബീന്ദ്രനാഥ ടാഗോർ എന്നാണ് പ്രശസ്ത ചരിത്രകാരൻ രാമചന്ദ്ര ഗുഹ വിശേഷിപ്പിച്ചത്.
• ആരാണ് ഈ പ്രതിഭ?

**കെ. ശിവരാമകാരന്ത്**



2. • അമേരിക്കയിലെ അറിയപ്പെടുന്ന ഗായകനും അഭിനേതാവും സാമൂഹ്യ പ്രവർത്തകനുമാണിദ്ദേഹം.
• കാലിപ്സോ സംഗീതത്തിന് തുടക്കം കുറിച്ചു.
• എമ്മി, ഗ്രാമ്മി, ഓസ്കാർ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.
• ഡേ. ഒ., ജമൈക്ക ഫെയർവെൽ, മേരീസ് ബോയ്ചൈൽഡ്, മെറ്റിൽഡ എന്നിവ പ്രശസ്ത ഗാനങ്ങളാണ്.
• ഈയിടെ അന്തരിച്ച ഈ അമേരിക്കൻ ഗായകനാര്?





3. മലയാളത്തിലെ പ്രശസ്തനായ ഒരു എഴുത്തുകാരന്റെ ആദ്യ കഥ പ്രസിദ്ധീകരിച്ചത് തിരുവനന്തപുരത്തെ കലാനിധി മാസികയാണ്. 'പരാജിതൻ' എന്ന ഈ കഥയുടെ രചയിതാവ് ആര്?

**ഒ. വി. വിജയൻ**

4. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളെ അവസാനിപ്പിക്കാൻ 'വി.ഡേ' ആചരിക്കുന്നത് ഫെബ്രുവരി 14 നാണ്. ഇതിനു തുടക്കം കുറിച്ചത് 1996ൽ ആരംഭിച്ച 'ദ വജൈന മോണോലോഗ്സ്' എന്ന സ്റ്റേജ് ഷോയാണ്. 140 രാജ്യങ്ങളിൽ (48 ഭാഷകളിൽ) ഇതിന്റെ അവതരണം നടന്നിട്ടുണ്ട്. ആരാണ് ഈ അവതരണത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റ്?

**ഈവ് എൻസ്‌ലർ**

5. മ്യൂറൽ ചിത്രകലയിൽ മ്യൂറൽ എന്ന വാക്ക് 'മ്യൂറസ്' എന്ന ലാറ്റിൻപദത്തിൽനിന്നാണ് ഉടലെടുത്തത്. എന്താണ് മ്യൂറസ് എന്ന വാക്കിന്റെ അർഥം?

**മതിൽ**

6. പ്രശസ്ത ക്രിക്കറ്റ് താരം സുനിൽ ഗാവസ്കർ അഭിനയിച്ച മറാത്തി ചലച്ചിത്രം

**പ്രേമാചിസാവ്‌ലി**

7. കഥകളിയിലെ രണ്ട് പാട്ടുകാരിൽ ആദ്യം പാടുന്ന മുഖ്യ ഗായകന്റെ പേരെന്താണ്?

**പൊന്നാനി**

8. 1561ൽ നിർമ്മിച്ച സെന്റ് ബേസിൽസ് കത്തീഡ്രൽ ഈ രാജ്യത്തിന്റെ സാംസ്കാരിക പ്രതീകങ്ങളിലൊന്നാണ്. 1928 മുതൽ 1991 വരെ ഈ ആരാധനാലയത്തെ മതേതരസ്ഥാപനമായി നിയന്ത്രിച്ചിരുന്നു. ഇന്ന് ലോകപൈതൃക പട്ടികയിലിടം പിടിച്ച ഈ കത്തീഡ്രൽ ഏത് രാജ്യത്താണ് സ്ഥിതി ചെയ്യുന്നത്?

**റഷ്യ**

9. അഭിമുഖങ്ങളിൽ വ്യക്തിമുദ്ര പതിച്ച മാധ്യമ പ്രവർത്തകനാണ് കരൺ ഥാപ്പർ. ഇദ്ദേഹത്തിന്റെ ഏറ്റവും പുതിയ 21 അഭിമുഖങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുസ്തകം.

**സൗണ്ട് ആൻഡ് ഫ്യൂറി**

10. തമിഴിലെ അറിയപ്പെടുന്ന നോവലിസ്റ്റും നിരൂപകനുമാണ് ബി. ജയമോഹൻ. 2003ലാണ് ഇദ്ദേഹത്തിന്റെ നോവൽ 'ഏഴാം ഉലകം' പ്രസിദ്ധീകരിച്ചത്. 2009ൽ ഈ നോവൽ 'നാൻ കടവുൾ' എന്ന സിനിമയ്ക്കാധാരമായി മാറി. ഈ നോവൽ ഇപ്പോൾ സുചിത്ര രാമചന്ദ്രൻ ഇംഗ്ലീഷിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. എന്താണ് ഇംഗ്ലീഷ് പരിഭാഷയുടെ പേര്?

**ദി അബിസ് (The Abyss)**

11. ടാഗോറിന്റെ ഗീതാഞ്ജലി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ അവതാരിക എഴുതിയ പ്രമുഖ ആംഗലേയ സാഹിത്യകാരനാര്?

**ഡബ്ല്യു. ബി. യേറ്റ്സ്**

12. 1968ൽ പ്രത്യക്ഷപ്പെട്ട 'പെങ്കൊച്ച്' (Janus Fleuri) എന്ന ആവിഷ്കാരം ഒരു പ്രശസ്ത ഫ്രഞ്ച് അമേരിക്കൻ കലാകാരി സൃഷ്ടിച്ചതാണ്. ആരാണീ കലാകാരി?

**ലൂയി ബൂർഷ**

13. കനിജൂജ് എന്ന് പേരിട്ട് വിളിക്കുന്ന മുട്ടക്കളി, ധോപ് എന്ന് പറയുന്ന പന്തുകളി, ഹൗ എന്ന ഗുസ്തിമത്സരവും ഈ ഉത്സവത്തിന്റെ ഭാഗമായ ജനപ്രിയ വിനോദങ്ങളാണ്. ഏതാണ് ഈ പ്രശസ്ത ഉത്സവം?


**ബിഹു**

14. പിനോക്യോ എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര്?

**കാർലോ കൊളോഡി**


15. സ്ത്രീകൾ അഭിനയരംഗത്തേയ്ക്ക് കടന്നുവരാൻ മടിച്ചുനിന്ന കാലഘട്ടത്തിൽ അഭിനയവും പാട്ടുമായി കെ.പി.എ.സി.യിൽ അനിവാര്യ സാന്നിധ്യമായി മാറിയ കെ.പി.എ.സി. സുലോചനയുടെ കഥ പറയുന്ന ബൈജു ചന്ദ്രന്റെ പുസ്തകം

**ജീവിതനാടകം: അരുണാഭം ഒരു നാടക കാലം**



16. 'Everybody Loves A Good Drought' ആരുടെ രചനയാണ്?

**പി. സായ്നാഥ്**



17. അഗ്വിരെ: റാത്ത് ഓഫ് ഗോഡ്, നോസ് ഫെറാതു: ഫാന്റം ഓഫ് ദ നൈറ്റ് എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത ജർമൻ ചലച്ചിത്രകാരനാര്?

**വെർണർ ഹെർസോഗ്**



18. ഹിന്ദി സിനിമകളിൽ ഹിന്ദുസ്ഥാനി സംഗീതം പ്രചാരത്തിൽ കൊണ്ടുവന്നത് ഇദ്ദേഹമാണ്. തന്റെ കുടുംബത്തിലുള്ളവരുടെ എതിർപ്പ് കാരണം സംഗീതോപാസന വളരെക്കാലം ഇദ്ദേഹത്തിന് മറച്ചുവയ്ക്കേണ്ടിവന്നു. 1992ൽ രാജ്യം ഇദ്ദേഹത്തിന് പദ്മഭൂഷൺ നൽകി ആദരിച്ചു. ആരാണീ സിനിമാ സംഗീത സംവിധായകൻ?

**നൗഷാദ് അലി**

19. എല്ലാകൊല്ലവും മാർച്ച് 21 ന് ആഘോഷിക്കുന്ന പാഴ്സികളുടെ ഈ പ്രധാന ഉത്സവമേതാണ്?

**നവറോജ്**

20. ടിബറ്റൻ പുതുവർഷ ആഘോഷമായ ലോസാറിന്റെ ആചാരങ്ങളെയും പാരമ്പര്യത്തെയും അടിസ്ഥാനപ്പെടുത്തിയാണ് ഈ ഉത്സവം രൂപം കൊണ്ടത്. കൊയ്ത്തുകാലത്തിന്റെ പരിസമാപ്തി സൂചിപ്പിച്ചുകൊണ്ടുള്ള ഈ ഉത്സവം ഡിസംബർ മാസത്തിലാണ് നടക്കുന്നത്. സിക്കിമിൽ ഭൂട്ടിയ ഗോത്രവർഗ്ഗങ്ങൾക്കിടയിലാണ് കൂടുതൽ പ്രചാരം. ഏതാണ് ഉത്സവം?

**ലൊസൂങ്**

21. സരസ്വതിസമ്മാനം നേടിയ ആദ്യ മലയാളി

**ബാലാമണിയമ്മ**

22. ഇന്ത്യയിലെ ആദ്യ ആർട്ട് ഗാലറി സ്ഥാപിച്ച സംഘടനയേത്?


**ഏഷ്യാറ്റിക് സൊസൈറ്റി**

23. കൂടിയാട്ടത്തിലെ വിദൂഷകന്റെ ആട്ടക്രമം പരിഷ്കരിച്ച് നിലവാരപ്പെടുത്തിയ പുരാതന കവി ആരാണ്?

**തോലൻ**

24. 'ഹെഡ് ഓഫ് എ വുമൺ' എന്ന ചിത്രം വരച്ചത്

**പാബ്ലോ പികാസോ**



25. 'ഇതു ഭൂമിയാണ്' എന്ന ക്ലാസിക്കൽ നാടകത്തിന്റെ രചയിതാവ്

**കെ. ടി. മുഹമ്മദ്**

**ഷിബു എ. എസ്.**

# കലയും സാഹിത്യവും

## "ഈ ഗ്രഹത്തിന്റെ ഏറ്റവും വലിയ ഭീഷണി ഇതിനെ മറ്റാരോ രക്ഷിക്കുമെന്ന് വിശ്വാസമാണ്"



1. ഈ ഗ്രഹത്തിന്റെ ഏറ്റവും വലിയ ഭീഷണി ഇതിനെ മറ്റാരോ രക്ഷിക്കുമെന്ന് വിശ്വാസമാണ്. ഏത് പരിസ്ഥിതി പ്രവർത്തകന്റേതാണ് ഈ വാക്കുകൾ?

   **റോബർട്ട് സ്വാൻ**



2. ഏത് കാർട്ടൂണിസ്റ്റിന്റെ സൃഷ്ടിയാണ് 'കോമൺ മാൻ'?

   **ആർ. കെ. ലക്ഷ്മൺ**



3. 2022 ൽ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'ആൾ ദ ലൈവ്സ് വി നെവർ ലിവ്സ്' എന്ന നോവൽ എഴുതിയതാര്?

   **അനുരാധ റോയി**



4. ചിത്രരചനയ്ക്കായി പസഫിക് സമുദ്രത്തിലെ തഹീതി ദ്വീപിൽ വാസമുറപ്പിച്ച ഫ്രഞ്ച് ചിത്രകാരൻ

   **പോൾ ഗോഗിൻ**

5. 'വണ്ടിതൻ തണ്ടും പേറി-
   ക്കാളകൾ മന്ദം മന്ദ-
   മിഴഞ്ഞു നീങ്ങീടുമ്പോൾ'.

   ഏതാണ് കവിത? ആരാണ് കവി?

   **കാളകൾ, പി. ഭാസ്കരൻ**

6. ബസ്തർ മേഖലയിലെ മുറിയാ ഗോത്ര വംശജരിൽ മുറിയാ ചിത്രരചനയുടെ പേരിൽ അറിയപ്പെടുന്ന വ്യക്തിയാണ് ബെൽറാം മണ്ടാവി. ഏതു സംസ്ഥാനത്താണ് മുറിയ ചിത്രരചന പ്രചാരത്തിലുള്ളത്?

   **ഛത്തീസ്ഗഢ്**

7. സൗന്ദര്യശാസ്ത്രത്തിന്റെ (Aesthetics) പിതാവ് എന്നറിയപ്പെടുന്നത്

   **ഓസ്കർ വൈൽഡ്**

8. പതിനെട്ട് രാജ്യങ്ങളിൽനിന്നുള്ള 24 നടന്മാർ അഭിനയിച്ച മഹാഭാരതം നാടകം 1985 ൽ അവതരിപ്പിച്ച ബ്രിട്ടീഷ് സംവിധായകൻ

   **പീറ്റർ ബ്രൂക്ക്**

9. ഡെസർട്ട് ഫോക്സ് എന്നറിയപ്പെട്ടിരുന്ന രണ്ടാം ലോകമഹായുദ്ധത്തിലെ ജർമൻ സൈന്യാധിപൻ

   **എർവിൻ റോമൽ**

10. ഛാത്രാരി ഏതു സംസ്ഥാനത്തിലെ ആദിവാസി നൃത്തരൂപമാണ്?

    **ഹിമാചൽ പ്രദേശ്**

11. സെർബിയൻ-അമേരിക്കൻ കവിയാണ് ചാൾസ് സിമിച്ച്. 2007ൽ അമേരിക്കയിലെ ആസ്ഥാന കവിയായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന് 1990ൽ പുലിറ്റ്സർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. സിമിച്ചിന് പുലിറ്റ്സർ പുരസ്കാരം നേടിക്കൊടുത്ത കവിതാസമാഹാരമേതാണ്?

    **ലോകം അവസാനിക്കുന്നില്ല**
    **(The World Doesn't End)**

12. അധികാരത്തിന്റെയും അടിമത്തത്തിന്റെയും മേലാള-കീഴാള സംഘർഷങ്ങൾ അനാവരണം ചെയ്യുന്ന നോവലാണ് 'പാറ്റ'. പ്രസിദ്ധീകരിച്ചിട്ട് അരനൂറ്റാണ്ട് തികയുന്ന ഈ നോവൽ രചിച്ചതാര്?

    **എം. സുകുമാരൻ**

13. 26-ാം നൂറ്റാണ്ടിൽ നടക്കുന്ന ഒരു കഥ അവതരിപ്പിക്കുന്ന നോവലാണ് 'എ ബ്രേവ് ന്യൂ വേൾഡ്'. ആരാണ് നോവലിസ്റ്റ്?

    **ആൽഡസ് ഹക്സ്‌ലി**

14. പ്രശസ്ത നിർമ്മാതാവും സംവിധായകനുമായ മാർട്ടിൻ സ്കോർസെസി ചിത്രകാരൻ വാൻ ഗോഗിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട അകിര കുറോസാവയുടെ ചിത്രമേത്?

    **ഡ്രീംസ്**

15. നമ്മുടെ സംസ്കാരത്തോട് ചേർന്നുനിൽക്കാൻ അപകോളനീകരണമാണ് നല്ലതെന്ന് വിളിച്ചുപറയുന്ന Decolonizing the Mind എന്ന പുസ്തകം ആഫ്രിക്കയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട കൃതിയാണ്. ആരുടെ രചനയാണിത്?

    **ഗൂഗി വാതിയോംഗോ**

16. സ്റ്റാലിൻ ഗ്രാഡ് യുദ്ധത്തിന്റെ സ്മരണയ്ക്കായി റഷ്യയിൽ വോൾഗോഗ്രാഡിൽ സ്ഥാപിച്ചിരിക്കുന്ന പ്രതിമ

    **മദർ റഷ്യ പ്രതിമ (ദ മദർലാന്റ് കോൾസ്)**

17. ഹ്ളമിങ്ങോ മേള ഏതുസംസ്ഥാനത്താണ് സംഘടിപ്പിക്കുന്നത്?

    **ആന്ധ്ര പ്രദേശ്**

18. തെലങ്കാനയിലെ സിദ്ധിപേട്ട് ജില്ലയിൽ നകാശി കലാകാരന്മാർ തുണിയിൽ വരയ്ക്കുന്ന ഈ ചിത്രങ്ങൾ ചുരുൾചിത്രകലാശാഖയിൽപെടുന്നു. എങ്ങനെയാണ് ഈ ചിത്രങ്ങൾ അറിയപ്പെടുന്നത്?

    **ചെറിയാൽ ചിത്രങ്ങൾ**

19. 'ഉണ്മയും ശൂന്യതയും' എന്ന അസ്തിത്വവാദ ഗ്രന്ഥം രചിച്ച ഫ്രഞ്ച് തത്വചിന്തകൻ

    **ഴാൺ പോൾ സാർത്ര്**

20. 'ടു സർ വിത് ലവ്' എന്ന ആത്മകഥാപരമായ നോവലിന്റെ സൃഷ്ടി

    **ഇ. ആർ. ബ്രെത്‌വെയ്റ്റ്**

21. ഇന്ത്യൻ തബല വിദ്വാനായ സാക്കിർ ഹുസൈൻ അഭിനയിച്ച ഇംഗ്ലീഷ് ചലച്ചിത്രം

    **ഹീറ്റ് ആൻഡ് ഡസ്റ്റ്**



22. • ഇദ്ദേഹത്തിന്റെ ചെറുകഥകളും നോവലുകളും കന്നഡ സാഹിത്യത്തിലെ ക്ലാസിക്കുകളാണ്.
    • ഒഡലാള, കുസുമബാലെ എന്നിവ ഇദ്ദേഹത്തിന്റെ പ്രശസ്ത രചനകളാണ്.
    • കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, പദ്മശ്രീ എന്നിവ നേടിയിട്ടുണ്ട്.
    • ആരാണ് മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഈ കന്നഡ സാഹിത്യകാരൻ?

    **ദേവനൂർ മഹാദേവ**



23. • ഭരതനാട്യത്തിൽ ലോകപ്രശസ്ത.
    • വഴവൂർ രാമയ്യപിള്ള ഗുരു.
    • ഇന്ത്യയിലെ പ്രശസ്ത നർത്തകിമാരായ ഉമ സത്യനാരായണൻ, ലക്ഷ്മി പാർത്ഥസാരഥി ആത്രേയ, വിജയ് മാധവൻ, ശോഭന തുടങ്ങിയവർ ശിഷ്യർ.
    • സംഗീതജ്ഞനും നൃത്തസംഗീതത്തിന്റെ സാധ്യതകളെ ആസ്വാദകർക്ക് പരിചയപ്പെടുത്തിയവരിൽ പ്രധാനിയുമായിരുന്ന ആർ. വിശ്വേശ്വരൻ ജീവിതപങ്കാളി.
    • പദ്മശ്രീ, കലൈമാമണി, നൃത്തചൂഡാമണി, കേന്ദ്രസംഗീത നാടക അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.
    • ആരാണ് ഈ നർത്തകി?

    **ചിത്ര വിശ്വേശ്വരൻ**



24. • ഇന്ത്യൻ സിനിമയിൽ ന്യൂ വേവിന് തുടക്കം കുറിച്ച സംവിധായകൻ.
    • 1981ൽ പദ്മഭൂഷൺ, 2003 ൽ ദാദ സാഹേബ് ഫാൽക്കെ അവാർഡ് എന്നിവ നേടി.
    • 2018ൽ അന്തരിച്ച ഈ സംവിധായകന്റെ ജന്മശതാബ്ദി വർഷമാണ് ഇക്കൊല്ലം. ആരാണിദ്ദേഹം?

    **മൃണാൾ സെൻ**

25. 'നാലാം ലോകം' എന്ന പുസ്തകം രചിച്ചതാരാണ്?

    **ഡോ. എം. പി. പരമേശ്വരൻ**

ഷിബു എ. എസ്.

"സൂക്ഷിച്ചു നോക്കൂ, കവിതയല്ലാതെന്തുണ്ട് ഭൂമിയിൽ"

# കലയും സാഹിത്യവും

1. 'സൂക്ഷിച്ചു നോക്കൂ, കവിതയല്ലാതെന്തുണ്ട് ഭൂമിയിൽ', പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച പി. കുഞ്ഞിരാമൻ നായരുടെ പ്രതിമയ്ക്ക് തയ്യാറാക്കിയ അടിക്കുറിപ്പാണിത്. ആരാണ് ഈ പ്രതിമയുടെയും അടിക്കുറിപ്പിന്റെയും ശില്പി?
**ബിജു കാഞ്ഞങ്ങാട്**



2. പദ്മശ്രീ ലഭിച്ച ആദ്യ സിനിമ നടി
**നർഗീസ് ദത്ത്**



3. 'Maulana Azad: A Life' ആരാണ് ഈ ജീവചരിത്രം രചിച്ചത്?
**ഇർഫാൻ ഹബീബ്**




4. ബിൽഡ് ഇട്ട് നൗ: സോഷ്യലിസം ഫോർ ദ ഫസ്റ്റ് സെഞ്ചുറി ആരുടെ രചനയാണ്?
**മൈക്കേൽ ലെബോ വിത്സ്**



5. മിസ് വേൾഡ് പട്ടം ലഭിച്ച ആദ്യ ഇന്ത്യൻ വനിത
**റീത്ത ഫാരിയ**



6. "ഒരു സ്കൂൾ തുറക്കുന്നതാരോ, അയാൾ ഒരു ജയിൽ അടയ്ക്കുകയാണ്" എന്നു പറഞ്ഞ വിഖ്യാത നോവലിസ്റ്റ് ആര്?
**വിക്ടർ യൂഗോ**



7. ബാബ്റി മസ്ജിദ് പൊളിച്ചതിനു ശേഷമുണ്ടായ സംഭവങ്ങൾ കോർത്തിണക്കി 'ഹമാരാ ശഹർ ഉസ് ബരാസ്' എന്ന നോവൽ രചിച്ചതാര്?
**ഗീതാഞ്ജലി ശ്രീ**



8. സ്റ്റാറി നൈറ്റ് എന്ന പ്രശസ്ത ചിത്രം വരച്ചതാര്?
**വിൻസെന്റ് വാൻഗോഗ്**



9. വർഷങ്ങളോളം ദൂരദർശനിൽ ഇംഗ്ലീഷ് വാർത്ത അവതാരകയായിരുന്ന പ്രശസ്തയായ ഈ വനിതയ്ക്ക് നാലുതവണ മികച്ച വാർത്താവതാരകയ്ക്കുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. 1989ൽ വിശിഷ്ട വനിതയ്ക്കുള്ള ഇന്ദിരാ ഗാന്ധി പ്രിയദർശിനി അവാർഡ് ലഭിച്ചു. ഈയിടെ അന്തരിച്ച ഈ വനിത ആര്?
**ഗീതാഞ്ജലി അയ്യർ**



10. 'പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മന്ദം
നാവിൽ നിന്നപ്പോഴെ പോയ്മറഞ്ഞു
നാനാ ജഗൻമനോരമ്യഭാഷ'

'പള്ളിക്കൂടത്തിലേക്ക് വീണ്ടും, എന്ന ഈ കവിത ആരുടേതാണ്?
**ഇടശ്ശേരി**

11. ഹരിഹർ ക്ഷേത്രമേള എന്ന പേരിൽകൂടി അറിയപ്പെടുന്ന ബീഹാറിലെ പ്രശസ്ത കന്നുകാലി മേള
**സോനേപൂർ മേള**

12. വിധവയായ അമ്മയുടെ ജീവിതം പ്രതിസന്ധി നേരിടുമ്പോൾ അത് ഒഴിവാക്കാനായി പൊതുവേ ദുർബലനായി എല്ലാവരും കരുതുന്ന മകൻ നടത്തുന്ന തീവ്രശ്രമങ്ങൾ ആവിഷ്കരിക്കുന്ന സിനിമയാണ് 'ദ പവർ ഓഫ് ദ ഡോഗ്'. 2022ൽ മികച്ച സംവിധാനത്തിനുള്ള ഓസ്കാർ പുരസ്കാരം നേടിയത് ഈ ചിത്രത്തിന്റെ സംവിധായികയാണ്. ആരാണിവർ?
**ജയ്ൻ കാമ്പിയോൺ**

13. ഗോവിന്ദ് നിഹ്‌ലാനിയുടെ 'ഹസാർ ചൗരാസി കി മാ' എന്ന ചിത്രം ജ്ഞാനപീഠജേതാവായ ഒരു നോവലിസ്റ്റിന്റെ കൃതിയെ ആധാരമാക്കിയാണ് നിർമ്മിച്ചിട്ടുള്ളത്. ആരാണ് ഈ ബംഗാളി നോവലിസ്റ്റ്?
**മഹാശ്വേതാ ദേവി**

14. ആരുടെ ഉദ്ധരണികൾ സമാഹരിച്ച പുസ്തകമാണ് 'ലിറ്റിൽ റെഡ് ബുക്ക്'?
**മാവോ സെ തുങ്**

15. ഒരു നൂറ്റാണ്ട് മുമ്പാണ് ബർണാഡ് ഷാ അന്നത്തെ ആൺ-പെൺ ബന്ധത്തെപ്പറ്റി നാടകം രചിച്ചത്. സ്തീലമ്പടനായ ചാർട്ടേറിസ്, അയാളുടെ കാമുകി ജൂലിയ, അയാളുടെ പുതിയ പ്രണയിനി ഗ്രെയ്സ് എന്നിവരൊക്കെ കഥാപാത്രമാകുന്ന ഈ നാടകമേതാണ്?
**ഫിലാണ്ടറെർ**

16. 'ഓഡ് ടു ജോയ്' എന്ന കവിതയ്ക്ക് ആധാരമായ വരികൾ 'സിംഫണി നമ്പർ 9' എന്ന സംഗീതരചനയിൽനിന്നാണ് ഉടലെടുത്തിട്ടുള്ളത്. ആരാണ് 'സിംഫണി നമ്പർ 9' ചിട്ടപ്പെടുത്തിയത്?
**ബിഥോവൻ**

17. ബൾഗേറിയൻ നോവലിസ്റ്റായ ഗോർഗി ഗോസ്പോഡിനോവിനാണ് ഈ വർഷത്തെ ബുക്കർ പുരസ്കാരം. ഏതാണ് പുരസ്കാരത്തിന് ഹേതുവായ നോവൽ?
**ടൈം ഷെൽറ്റർ**

18. കവിയായ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടിന്റെ രണ്ടു പുത്രന്മാർ അതിപ്രശസ്തരായ കവികളായിരുന്നു. പച്ച മലയാളപ്രസ്ഥാനത്തിന്റെ പതാകവാഹകരായിരുന്ന ഈ കവികൾ ആരെല്ലാം?
**വെണ്മണി മഹൻ,**
**കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

19. ട്രക്ക് ഡ്രൈവറായിരുന്ന ഈ വ്യക്തി 1977 ൽ സ്റ്റാർ വാർസ് സിനിമ കണ്ടതിനുശേഷം സിനിമയിൽ ആകൃഷ്ടനായി. 1984ൽ 'ദ ടെർമിനേറ്റർ' ആണ് ആദ്യ സിനിമ. ഇന്ന് ഹോളിവുഡിലെ ഏറ്റവും അറിയപ്പെടുന്ന ഈ സംവിധായകനാരാണ്?
**ജെയിംസ് കാമറൂൺ**

20. മാതാഹരി എന്ന ചാരസുന്ദരിയുടെ യഥാർഥ പേര്?
**ജെർട്രൂഡ് മാർഗരറ്റ് സെല്ലി**

21. റിച്ചാർഡ് അറ്റൻബറോയുടെ ഗാന്ധി എന്ന സിനിമയ്ക്ക് സംഗീതം നല്കിയ ഇന്ത്യക്കാരൻ
**പണ്ഡിറ്റ് രവിശങ്കർ**

22. തമിഴിലെ യുവകവികളിൽ പ്രമുഖ സ്ഥാനം. ജീവിതവൈരുദ്ധ്യങ്ങളെ നർമ്മം കലർത്തി രചനകളിൽ അവതരിപ്പിക്കുന്നു. തമിഴിൽ ചലച്ചിത്രഗാനങ്ങളും എഴുതും. യഥാർത്ഥ പേര് എ.സത്യമൂർത്തി. ആരാണ് ഈ എഴുത്തുകാരൻ?
**ഇശൈ**

23. • തമിഴ് വംശജയും എഴുത്തുകാരിയും പത്രപ്രവർത്തകയുമായ ഈ അമേരിക്കൻ നോവലിസ്റ്റിന്റെ ആദ്യ നോവൽ 'ലൗ മാര്യേജ്' 2008 ൽ പ്രസിദ്ധീകരിച്ചു. ശ്രീലങ്കൻ ആഭ്യന്തര സംഘർഷങ്ങളിൽ തകർന്നുപോയ ഒരു കുടുംബത്തിന്റെ കഥയാണ് ഈ നോവൽ.
• ശ്രീലങ്കൻ തമിഴ് പുലികളുടെ സ്വാഭാവിക പരിണാമത്തിന്റെ കഥ പറയുന്ന 'ബ്രദർലെസ് നൈറ്റ്' ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ആരാണ് ഈ നോവലിസ്റ്റ്?
**വി. വി. ഗണേഷാനന്ദൻ**

24. • 'അവധാരണം' എന്ന ഉപന്യാസ സമാഹാരത്തിലൂടെ സാഹിത്യ അക്കാദമി അവാർഡ്.
• 'ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ' എന്ന കൃതിയിലൂടെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്.
• 2013ൽ എഴുത്തച്ഛൻ പുരസ്കാരം.
• 2011ൽ പത്മപ്രഭാ പുരസ്കാരം.
• 2023ൽ ദേശാഭിമാനി സാഹിത്യ പുരസ്കാരം.
ആരാണ് ഈ പ്രതിഭ?
**പ്രൊഫ. എം. കെ. സാനു**

25. • 'മൈ ഓൺ കൺട്രി', 'ദ ടെന്നീസ് പാർട്ണർ' - ഇവയായിരുന്നു ആദ്യം രചിച്ച പുസ്തകങ്ങൾ.
• ആദ്യ നോവൽ 'കട്ടിങ് ഫോർ സ്റ്റോൺ' 2009 ൽ പ്രസിദ്ധീകരിച്ചു.
• എട്ടു ദശാബ്ദങ്ങളായി കേരളത്തിൽ താമസിക്കുന്ന ക്രിസ്ത്യൻ കുടുംബത്തിന്റെ കഥ പറയുന്ന 'ദ കവനെന്റ് ഓഫ് വാട്ടർ' എന്ന പുതിയ നോവൽ ഇപ്പോൾ പ്രസിദ്ധീകരിച്ചു.
• ഭിഷഗ്വരനായ ഈ എഴുത്തുകാരൻ കേരളത്തിൽ വേരുകളുള്ള എത്യോപിയ സ്വദേശിയാണ്.
ആരാണിദ്ദേഹം?
**എബ്രഹാം വർഗീസ്**



# കലയും സാഹിത്യവും

"കാലത്തിന്റെ കവിൾത്തടത്തിലെ കണ്ണുനീർത്തുള്ളി"

ഷിബു എ. എസ്.

1. 'ഗോൾഡൻ യു.എഫ്.ഒ', 'ദ ഇന്ത്യൻ പോയംസ്' എന്നീ സമാഹാരങ്ങൾ രചിച്ച പ്രശസ്തനായ നിക്കാരഗ്വൻ കവി

**ഏണസ്റ്റോ കാർഡിനൽ**



2. പതിനൊന്ന് ഓസ്കാർ അവാർഡുകൾ നേടിയ ഹോളിവുഡ് ആർട്ട് ഡയറക്ടർ

**സെഡ്രിക് ഗിബൺസ്**





3. നൊബേൽ സാഹിത്യ പുരസ്കാരം നേടിയ ആദ്യ ഇംഗ്ലീഷ് സാഹിത്യകാരൻ

**റുഡ്യാർഡ് കിപ്ലിങ്**

4. സ്റ്റാർ വാർസിന് മുമ്പ് ജോർജ് ലൂക്കാസ് സംവിധാനം ചെയ്ത ഈ ചിത്രം 50 വർഷം പൂർത്തിയാകുന്നു. അമേരിക്കയിലെ കൗമാരക്കാരുടെ കഥ പറയുന്ന ഈ ചിത്രമേതാണ്?

**അമേരിക്കൻ ഗ്രാഫിറ്റി**

5. സച്ചിൻ ടെൻഡുൽക്കറുടെ ജീവചരിത്രം 'ഹീറോ' എഴുതിയത് ആര്?

**ദേവേന്ദ്ര പ്രഭുദേശായി**

6. ആഴക്കടലിലെ അദ്ഭുതങ്ങൾ കാൻവാസിലേക്ക് പകർത്തുക എന്നത് തന്റെ ജന്മനിയോഗമാണ് എന്ന് കരുതുന്ന ഈ അമേരിക്കൻ കലാകാരി സമുദ്രഗവേഷകരോടൊപ്പം ആഴക്കടൽ സൂക്ഷ്മജീവികളെ നിരീക്ഷിച്ചും അവയുടെ ചിത്രങ്ങൾവരച്ചും വേറിട്ടസ്ഥാനം സ്വന്തമാക്കി. ആരാണ് കലാകാരി?

**ലിലി സൈമൺസൺ**

7. പ്രാചീനകാലത്തെ ഒരു പ്രമുഖ തത്വചിന്തകന്റെ ഭാര്യയായിരുന്നു സാന്തിപ്പി (Xanthippie). ആരാണ് തത്വചിന്തകൻ?

**സോക്രട്ടീസ്**

8. മുൻകൂട്ടി പണമടച്ച് പുസ്തകം വാങ്ങുന്ന പ്രീ-പബ്ലിക്കേഷൻ സമ്പ്രദായം മലയാള പുസ്തക പ്രസാധന രംഗത്ത് അവതരിപ്പിച്ച പ്രസാധകൻ

**ഡി. സി. കിഴക്കേമുറി (ഡി. സി. ബുക്സ്)**

9. 'തരാന എ ഹിന്ദ്' എന്ന കവിതയ്ക്ക് സംഗീതം നല്കിയത് പണ്ഡിറ്റ് രവിശങ്കറാണ്. എന്നാൽ ഈ കവിത അറിയപ്പെടുന്നത് മറ്റൊരു പേരിലാണ്. എന്താണ് പേര്?

**സാരെ ജെഹാം സെ അച്ഛാ**

10. ചെറുകഥകളെ വിനോദത്തിനും ആശയവിനിമയത്തിനുമുള്ള മാർഗ്ഗമായി കണ്ട ഈ ഐറിഷ് എഴുത്തുകാരൻ 2016ലാണ് അന്തരിച്ചത്. 'ടു ലൈവ്സ്', 'ഫെലീസിയാസ് ജേർണി' എന്നിവ ഇദ്ദേഹത്തിന്റെ പ്രശസ്ത നോവലുകളാണ്. ആരാണ് ഈ ഐറിഷ് എഴുത്തുകാരൻ?

**വില്യം ട്രെവർ**

11. 'കടമ്മനിട്ട: കവിതയുടെ കനലാട്ടം', കവി കടമനിട്ട രാമകൃഷ്ണന്റെ ജീവചരിത്രമായ ഈ പുസ്തകം രചിച്ചതാര്?

**കെ. എസ്. രവികുമാർ**

12. ഈ സ്മാരകത്തെ 'കാലത്തിന്റെ കവിൾ ത്തടത്തിലെ കണ്ണുനീർത്തുള്ളി' എന്നാണ് രവീന്ദ്രനാഥ ടാഗോർ വിശേഷിപ്പിച്ചത്. ഏതാണ് ഈ വിശ്വപ്രസിദ്ധ സ്മാരകം?

**താജ്മഹൽ**

13. മാലി എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ

**വി. മാധവൻ നായർ**

14. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായി ഷൊർണ്ണൂരിൽനിന്ന് 1934ൽ ആരംഭിച്ച 'പ്രഭാതം' വാരികയുടെ ആദ്യ പത്രാധിപർ ആരായിരുന്നു? ആരായിരുന്നു ആദ്യ മാനേജർ?

**ഇ. എം. എസ്. നമ്പൂതിരിപ്പാട് (പത്രാധിപർ)**

**രാമചന്ദ്രൻ നെടുങ്ങാടി (മാനേജർ)**

15. മാക്കൊണ്ഡ എന്ന ഭാവനാഭൂപ്രദേശം ഗബ്രിയേൽ ഗാർസ്യാ മാർക്കേസിന്റെ ഏതു നോവലിലാണ് കടന്നുവരുന്നത്?

**ഏകാന്തതയുടെ നൂറു വർഷങ്ങൾ**

16. ചൈനയിലെ അവസാനത്തെ ചക്രവർത്തിയായ പു-യിയുടെ ജീവിതത്തെക്കുറിച്ച് ബർണാഡോ ബർട്ടലൂച്ചി 1987ൽ സംവിധാനം ചെയ്ത സിനിമ ഏത്?

**ദ ലാസ്റ്റ് എമ്പറർ**

17. 2023ലെ ലോകപുസ്തക തലസ്ഥാനമായി യുനെസ്കോ തിരഞ്ഞെടുത്തത്

**അക്ര, ഘാന**

18. 'ഓഫ് ഗിഫ്റ്റഡ് വോയിസ്: ദ ലൈഫ് ആൻഡ് ആർട്ട് ഓഫ് എം.എസ്. സുബ്ബലക്ഷ്മി' - എം.എസ്.സുബ്ബലക്ഷ്മിയുടെ ജീവചരിത്രമാണ് ഈ പുസ്തകം. ആരാണ് രചിച്ചത്?

**കേശവ് ദേശിരാജു**

19 • ലോകത്തെ ഏറ്റവും പഴക്കം ചെന്ന ചലച്ചിത്രമേള, 1932ൽ തുടക്കം.

• ലോകത്തെ ഏറ്റവും വലിയ ചലച്ചിത്രമേളകളിലൊന്ന്.

• ഗോൾഡൻ ലയൺ, സിൽവർ ലയൺ എന്നിവ പ്രധാന പുരസ്കാരങ്ങൾ.

• ഇറ്റലിയിൽ നടക്കുന്ന ഏറ്റവും വലിയ മേള.


ഏതാണ് ഈ ചലച്ചിത്രമേള?

**വെനീസ് ചലച്ചിത്രമേള**



20. ആലീസ് വാക്കറുടെ നോവലിനെ ആധാരമാക്കി 1985ൽ 'ദ കളർ പർപ്പിൾ' എന്ന ചിത്രം സംവിധാനം ചെയ്തതാര്?

**സ്റ്റീവൻ സ്പിൽബർഗ്**



21. ഇന്ത്യയുടെ 53 -ാമത് രാജ്യാന്തര ചലച്ചിത്ര മേളയിൽ (IFFI) സത്യജിത് റായി ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ലഭിച്ച സ്പാനിഷ് ചലച്ചിത്രകാരൻ

**കാർലോസ് സൗറ**

22. ഈ വ്യക്തിയെ തിരിച്ചറിയുക.

• കൊങ്കണി ഭാഷയിലെ എഴുത്തുകാരിൽ പ്രശസ്തനായ നോവലിസ്റ്റ്, ചെറുകഥാകൃത്ത്.


• 'കർമെലിൻ' എന്ന നോവലിന് 1983ൽ സാഹിത്യ അക്കാദമി പുരസ്കാരം

• 57 -ാമത് ജ്ഞാനപീഠ ജേതാവ്



**ദാമോദർ മൗസൊ**

23. • 2007ൽ 'ദ റോഡ്' എന്ന കൃതിക്ക് പുലിറ്റ്സർ പുരസ്കാരം.



• അമേരിക്ക മുഴുവൻ ഗ്രസിച്ച ഒരു മഹാ ദുരന്തത്തിനുശേഷം ഒരച്ഛനും മകനും നടത്തുന്ന യാത്രയെ പ്രതിപാദിക്കുന്ന 'ദ റോഡ്' 2009 ൽ സിനിമയാക്കിയിട്ടുണ്ട്.

• 'നോ കൺട്രി ഫോർ ഓൾഡ് മെൻ' എന്ന നോവലിനെ ആധാരമാക്കി നിർമ്മിച്ച സിനിമ 2007ൽ നാലു അക്കാദമി പുരസ്കാരങ്ങൾ നേടി.

ആരാണ് ഈയിടെ അന്തരിച്ച അമേരിക്കൻ എഴുത്തുകാരൻ?

**കോർമക്ക് മക്കാർത്തി**

24. • 2023 ലെ ബുക്കർ പുരസ്കാരത്തിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട 'വെയ്ൽ' എന്ന നോവൽ രചിച്ചത് ഇദ്ദേഹമാണ്.



• ഇദ്ദേഹത്തിന്റെ പ്രശസ്ത നോവൽ 'മോഡേൺ ഫാമിലി', 2013ൽ 'ബൂമറാങ് ഫാമിലി' എന്ന പേരിൽ സിനിമയാക്കിയിട്ടുണ്ട്.

• ദക്ഷിണ കൊറിയയിലെ പ്രമുഖ നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമ സംവിധായകൻ എന്ന രീതിയിൽ അറിയപ്പെടുന്ന ഇദ്ദേഹം ആരാണ്?

**ചിയാങ് മിയോങ് കാൻ (Cheon Myeong Kwan)**

25. • ന്യൂയോർക്ക് നഗരത്തിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ സൂക്ഷിച്ചിട്ടുള്ള ഈ ചിത്രം ഹെന്റി മാത്തിസ് ആണ് വരച്ചത്.

• ആധുനിക കലയിൽ ഏറെ സ്വാധീനം ചെലുത്തിയ ചിത്രങ്ങൾ 500 കലാപ്രതിഭകൾ ചേർന്ന് 2004ൽ പരിശോധിച്ചപ്പോൾ ഈ ചിത്രത്തിനായിരുന്നു അഞ്ചാം സ്ഥാനം. ഏതാണ് ചിത്രം?


**ദ റെഡ് സ്റ്റുഡിയോ**

# കലയും സാഹിത്യവും

ഷിബു എ. എസ്.


## വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ്

1. • ധിഷണശാലിയായ സിനിമ ആക്റ്റിവിസ്റ്റ്
• ഡോക്യുമെന്ററി സംവിധായകൻ
• കാർട്ടൂണിസ്റ്റ്
• 'ഇലയും മുള്ളും' എന്ന കഥാചിത്രത്തിലൂടെ ദേശീയ പുരസ്കാരം
• ജനകീയ സമരങ്ങൾ ചിത്രീകരിക്കുമ്പോൾ പലപ്പോഴും സമരങ്ങളുടെ ഭാഗമായി മാറി
• കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപകനേതാവും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരന്റെയും പത്മം ദാമോദരന്റെയും മകൻ
• ഈയിടെ അന്തരിച്ച ഈ പ്രതിഭ ആരാണ്?
**കെ. പി. ശശി**



2. ഇൻഡ്യൻ ക്ലാസിക്കൽ നൃത്തത്തെ വിദേശത്ത് പ്രചരിപ്പിച്ചതാർ?
**ഉദയ് ശങ്കർ**
3. മലയാളത്തിലെ പ്രശസ്തയായ ശില്പി ചിത്ര ഇ. ജി. 'മനുഷ്യൻ ജനനവും മരണവും ചുംബനങ്ങളാൽ അടയാളപ്പെടുത്തുന്നു' എന്ന് തന്റെ ഒരു ശില്പത്തിൽ രേഖപ്പെടുത്തിവച്ചിട്ടുണ്ട്. ഏതാണ് ആ ശില്പം?
**ഇൻ ബിറ്റ്വീൻ കിസ്സസ്**

4. ആരാണ് ഈ എഴുത്തുകാരൻ?
• 1952 മുതൽ ഇൻഡ്യയുമായി അടുപ്പം.
• തന്റെ തൂലിക സഹോദരനായ ലാറി കോളിൻസുമായി ചേർന്ന് 1965ൽ ആദ്യപുസ്തകം 'ഈസ് പാരീസ് ബേണിങ്' പുറത്തിറക്കി.
• ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെ പ്രതിപാദിക്കുന്ന മികച്ച രചനകളിലൊന്നായ 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' ലാറി കോളിൻസുമായി ചേർന്ന് പ്രസിദ്ധീകരിച്ചു.
• 'ദ സിറ്റി ഓഫ് ജോയ്' ഇദ്ദേഹത്തിന്റെ അവിസ്മരണീയ രചനകളിലൊന്നാണ്.
• 2022 ൽ മരണം.
**ഡൊമിനിക് ലാപിയർ**



5. മ്യൂറൽ ചിത്രകലയിൽ മ്യൂറൽ എന്ന വാക്ക് മ്യൂറസ് എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഉടലെടുത്തത്. എന്താണ് മ്യൂറസ് എന്ന വാക്കിന്റെ അർത്ഥം?
**മതിൽ**
6. 'ഹോം ഇൻ ദ വേൾഡ് : എ മെമ്മയർ' ആരുടെ ഓർമ്മപുസ്തകമാണ്?
അമർത്യാസെൻ
7. 2012ൽ 'ദ വൈൽഡിങ്സ്', 2013ൽ 'ദ ഹൺട്രഡ് നെയിംസ് ഓഫ് ഡാർക്നെസ്' - ഈ രണ്ടു ഫാന്റസി നോവലുകളിലൂടെയാണ് ഈ പത്രപ്രവർത്തക ശ്രദ്ധിക്കപ്പെട്ടുതുടങ്ങിയത്. 'ബ്ലാക്ക് റിവർ' എന്ന നോവൽ ഈ വർഷം പ്രസിദ്ധീകരിച്ചു. ആരാണ് നോവലിസ്റ്റായി മാറിയ ഈ ജേർണലിസ്റ്റ്?
**നീലാഞ്ജന എസ്. റോയി**


8. • നാടകകൃത്തായ ഇദ്ദേഹത്തിന്റെ 'മേൽവിലാസം' എന്ന നാടകം 400 ലധികം സ്റ്റേജുകളിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ നാടകം ഇദ്ദേഹത്തിന്റെ രചനയിൽ സിനിമയായും പുറത്തിറങ്ങിയിട്ടുണ്ട്.
• കേരളത്തിൽ ശബ്ദവും വെളിച്ചവും കൊണ്ടുള്ള പ്രത്യേക പ്രദർശനങ്ങൾ തുടങ്ങിവച്ചത് ഇദ്ദേഹമാണ്. (Light & Sound Show)
• 'നുറുങ്ങുവെട്ടം' ഓർമ്മപുസ്തകമാണ്.
• കേന്ദ്ര സംഗീത നാടക അക്കാദമി പുരസ്കാരം, കേരള സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.
**സൂര്യ കൃഷ്ണമൂർത്തി**

9. 2018 ലെ നൊബേൽ പുരസ്കാര വിജയിയാണ് ഈ വനിത.
• ആത്മകഥാംശമുള്ള ഇവരുടെ ഓർമ്മക്കുറിപ്പാണ് :ദ ലാസ്റ്റ് ഗേൾ'
• ഐഎസ് ന്റെ കൊടിയ പീഢനങ്ങൾ ഏറ്റുവാങ്ങിയ ഇവർ ഇസ്ലാമിക സ്റ്റേറ്റിന്റെ ക്രൂരതകൾ വിവരിക്കുന്നതാണ് ഈ പുസ്തകം.
ആരാണ് ഈ വനിത?
**നാദിയ മുറാദ്**



10. ഈ അഭിനേതാവിനെ തിരിച്ചറിയുക:
• കോഴിക്കോട് നാടക വേദിയിൽ നിറഞ്ഞുനിന്ന ഈ നടൻ നാടക നവോത്ഥാനത്തിലെ പ്രധാന കണ്ണിയാണ്.
• സോഫോക്ലിസിന്റെ ഈഡിപ്പസ്, ടാഗോറിന്റെ കാബൂളിവാല, വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാബീജം തുടങ്ങിയ നാടകങ്ങളിൽ പ്രധാന റോൾ.
• അരവിന്ദന്റെ ഉത്തരായനം സിനിമയിൽ വിപ്ലവകാരിയായ കുമാരൻ മാസ്റ്ററെ അവതരിപ്പിച്ചു.
• 2002ൽ അന്തരിച്ചു.
**കുഞ്ഞാണ്ടി**
11. 1968ൽ പ്രത്യക്ഷപ്പെട്ട 'പെങ്കൊച്ച്' (Janus Fleuri) എന്ന ആവിഷ്കാരം ഒരു പ്രശസ്ത ഫ്രഞ്ച് അമേരിക്കൻ കലാകാരി സൃഷ്ടിച്ചതാണ്. ആരാണീ കലാകാരി?
**ലൂയി ബൂർഷ**
12. ഏത് രാജവംശത്തിന്റെ കാലഘട്ടത്തിലാണ് നാലു കൈകളുള്ള നടരാജ വെങ്കല പ്രതിമ വാർത്തെടുത്തത്?
**ചോള രാജവംശം**
13. പ്രശസ്ത സംഗീത പ്രതിഭ താൻസെന്നിന്റെ യഥാർത്ഥ പേര്
**രാംതനു പാണ്ഡെ**

14. 'നിങ്ങൾ മുഖം നോക്കുന്നതിനാണ് കണ്ണാടി ഉപയോഗിക്കുന്നത്; എന്നാൽ നിങ്ങളുടെ ആത്മാവ് കാണാൻ കഴിയുന്നത് നിങ്ങളുടെ കലാസൃഷ്ടിയിലൂടെയാണ്', ആരുടേതാണീ വാക്കുകൾ?
**ജോർജ്ജ് ബർണാഡ് ഷാ**



15. കെ. ആർ. മീരയുടെ ഏതു നോവലിനാണ് 2015ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത്?
**ആരാച്ചാർ**



16. ഝാൻസിറാണിയുടെ യഥാർത്ഥ പേര്
**മണികർണ്ണിക**
17. കാളിദാസന്റെ ജീവിതത്തെക്കുറിച്ച് ഒ. എൻ. വി. കുറുപ്പ് രചിച്ച കാവ്യം
**ഉജ്ജയിനി**
18. 'ന്യൂ നോവൽ' എന്ന സങ്കല്പം അവതരിപ്പിച്ച ഫ്രഞ്ച് നോവലിസ്റ്റ്
**അലൻ റൊബ് ഗ്രിയെ**
19. 1976ൽ നാല്പതാമത് ഓസ്കാർ അവാർഡു ദാന ചടങ്ങ് 48 മണിക്കൂർ മാറ്റിവച്ചു. എന്തായിരുന്നു കാരണം?
**മാർട്ടിൻ ലൂഥർ കിങ് വധം**
20. ബീഹാറിലെ കിഴക്കനതിർത്തി ജില്ലയായ ഭാഗൽപുരിലെ പഴയ അംഗദേശത്തിൽ നടക്കുന്ന ബിഹ്ഹാരി ഉത്സവങ്ങളുടെ ഭാഗമായ കലാചിത്രങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?
**മഞ്ജുള ചിത്രങ്ങൾ** (അംഗികാ ചിത്രങ്ങൾ)

21. താഴെ നൽകിയിട്ടുള്ള രണ്ട് പ്രസ്താവനകളിൽ നിന്ന് സംവിധായകനെ തിരിച്ചറിയുക:
• ആദ്യചിത്രമായ 'സംസാര' ഡർബൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഒരു സംവിധായകന്റെ ഏറ്റവും മികച്ച ആദ്യഫീച്ചർഫിലിംപുരസ്കാരം നേടി.
• ഇദ്ദേഹത്തിന്റെ 'ചെല്ലൊ ഷോ' എന്ന പുതിയ സിനിമ 95-ാം ഓസ്കാർ പുരസ്കാരത്തിൽ മികച്ച അന്താരാഷ്ട്രസിനിമക്കുള്ള ഇൻഡ്യൻ നോമിനി ആയിരുന്നു.
**പാൻ നളിൻ**



22. 27-ാമത് കേരള രാജ്യാന്തര മേളയിൽ സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം ലഭിച്ച മഹാനസ് മൊഹമ്മദി സംവിധാനം ചെയ്ത ആദ്യ ഫീച്ചർ ഫിലിം
**സൺ-മദർ**
23. 'നിയാപൊളിറ്റൻ നോവത്സ്' ഈ ഇറ്റാലിയൻ എഴുത്തുകാരിയുടെ നാലു പ്രശസ്ത നോവലുകൾ അടങ്ങിയ പരമ്പരയാണ്. ആരാണ് ഈ എഴുത്തുകാരി?
**എലേന ഫെരാന്റെ**
24. 'പുല്ലേലി കുഞ്ചു' എന്ന കഥാപാത്രം അതേ പേരിലുള്ള നോവലിലാണ് കടന്നുവരുന്നത്. ആരാണ് നോവലിസ്റ്റ്?
**ആർച്ച് ഡീക്കൻ കോശി**
25. ക്യൂബിസം എന്ന ചിത്രകലാപ്രസ്ഥാനം രണ്ടുചിത്രകാരന്മാരാണ് തുടങ്ങിയത്. ആരാണിവർ?
**പാബ്ലോ പിക്കാസോ, ജോർജ്ജസ് ബ്രാക്ക്**
26. ടോം ആന്റ് ജെറി കാർട്ടൂൺ പരമ്പര സൃഷ്ടിച്ച അനിമേറ്റർമാർ
**വില്യം ഹന്ന, ജോസഫ് ബാർബറ**
27. സച്ചിൻ ടെണ്ടുൽക്കറുടെ ജീവചരിത്രം ഹീറോ എഴുതിയതാര്?
**ദേവേന്ദ്ര പ്രഭുദേശായി**
28. 'വിദ്യാസമ്പന്നർ മാറ്റത്തിന്റെ വക്താക്കളാണ്'. ഇത് ആരുടെ വാക്കുകളാണ്?
**വീരേശലിംഗം**



# കലയും സാഹിത്യവും

## "ലസ്റ്റ് ഫോർ ലൈഫ്"

ഷിബു എ. എസ്.

- 145 തരത്തിലുള്ള പക്ഷികളെ കണ്ടെത്തിയതാണ് ഈ ഉത്സവത്തിന്റെ സവിശേഷത. പശ്ചിമ ബംഗാൾ വനം വകുപ്പിന്റെകീഴിലുള്ള സുന്ദർബൻ കടുവ സങ്കേതമാണ് ഈ മേള സംഘടിപ്പിച്ചത്. ആദ്യമായി സംഘടിക്കപ്പെട്ട ഈ മേള ഏതാണ്?

**സുന്ദർബൻ പക്ഷി മഹോത്സവം**



- 'പ്രാകൃതമേതോ നാട്ടിൽ
നിന്നൊരു സഞ്ചാരി വ-
ന്നോതി: ആ മരുഭൂവിൽ-
ക്കണ്ടിടാ മുടൽ പൊയ്പോയ്
രണ്ടുകൽപ്പെരും കാൽകൾ'.

'ഓസിമാൻഡിയാസ്' എന്ന ഇംഗ്ലീഷ് കവിതയുടെ ആദ്യ വരികൾ എൻ. കെ. ദേശം പരിഭാഷപ്പെടുത്തിയത് ഇങ്ങനെയാണ്. ഈ കവിത രചിച്ച പത്തൊൻപതാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് കവിയുടെ 200-ാം ചരമ വാർഷികമായിരുന്നു 2022. ആരാണ് കവി?

**പി.ബി. ഷെല്ലി**

- ഛത്തീസ്ഗഢിലെ ബസ്തർ മേഖലയിലെ മുറിയാ ഗോത്ര വംശജരിൽ അറിയപ്പെടുന്ന വ്യക്തിയാണ് ബെൽറാം മണ്ടാവി. എന്തുകാര്യത്തിലാണ് ഇദ്ദേഹം പ്രശസ്തനായത്?

**മുറിയാ ചിത്രരചന**

- 'വെസ്റ്റേൺ' എന്നറിയപ്പെടുന്ന അമേരിക്കൻ കൗബോയ് നോവൽ ജനുസ്സിന്റെ ഉപജ്ഞാതാവായ നോവലിസ്റ്റ്

**ഓവൻ വിസ്റ്റർ**

- രവിവർമ്മ എന്ന ഛായാചിത്രം വരച്ച രാജാരവിവർമ്മയുടെ ചിത്രകാരിയായ സഹോദരി ആര്?

**മംഗളാ ഭായി തമ്പുരാട്ടി**

- കേന്ദ്രസാഹിത്യ അക്കാദമിപുരസ്കാരം നേടിയ കഥയാണ് ചേക്കുട്ടി. ആരാണ് കഥാകാരൻ?

**സേതു**

- ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയപ്പോൾ തന്നെ ഏറെ ചർച്ചചെയ്യപ്പെട്ട നോവലാണ് 'കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത'. 2021 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ഈ നോവലിനാണ്. ആരാണ് നോവലിസ്റ്റ്?

**ആർ. രാജശ്രീ**



- രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഉണ്ടായ രണ്ടാം ഫെമിനിസ്റ്റ് തരംഗത്തിന്റെ അടിസ്ഥാന പുസ്തകമായി കാണുന്നത് ഫ്രഞ്ച് എഴുത്തുകാരിയായ സിമോൺ ദ ബുവേയുടെ പുസ്തകമാണ്. ഏതാണ് പുസ്തകം?

**ദ സെക്കന്റ് സെക്സ്**

- തന്റെ ഓർമ്മകളും അനുഭവങ്ങളും പങ്കുവച്ചുകൊണ്ട് പാകിസ്ഥാനി ക്രിക്കറ്റർ വാസിം അക്രം എഴുതിയ പുസ്തകം

**സുൽത്താൻ: എ മെമ്മയർ**

- 'വി ഇന്ത്യൻസ്' എന്ന പുസ്തകം രചിച്ചത്

**ഖുഷ്‌വന്ത് സിങ്**

- ചിത്രകാരനായ വാൻ ഗോഗിനെ കഥാപാത്രമാക്കി ഇർവിങ്സ്റ്റൊൺ രചിച്ച ജീവചരിത്ര നോവൽ

**ലസ്റ്റ് ഫോർ ലൈഫ്**

- പ്രസിദ്ധ ഇംഗ്ലീഷ് നോവലിസ്റ്റ് ജയിംസ് ജോയ്സിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച നോബൽ ജേതാവായ കവിയും നാടകകൃത്തും

**സാമുവൽ ബെക്കറ്റ്**

- 2022 ൽ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'ആൾ ദ ലൈവ്സ് വി നെവർ ലീവ്സ്' എന്ന നോവൽ എഴുതിയതാര്?

**അനുരാധ റോയി**



- • ചിലിയൻ നാടകവേദിയിലെ അതുല്യപ്രതിഭയായിരുന്ന മരിയ കനാപെയുടെ ആത്മമിത്രം.

• മരിയയുടെ മരണശേഷം സുഹൃത്തിനെ ജീവനോടെ നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി 'ആവേ മരിയ' എന്ന ഏകപാത്രനാടകം തയ്യാറാക്കി.

• 21 നാടകങ്ങൾ സംവിധാനം ചെയ്തിട്ടുള്ള ഈ ചിലിയൻ നാടകപ്രവർത്തക ആരാണ്?


**ജൂലിയ വർലി**

- കേരളത്തിലെ പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലെ ഭദ്രകാളി ക്ഷേത്രങ്ങളിൽ നടക്കുന്ന ഈ നാടോടി കലയിൽ ദാരികവധമാണ് മുഖ്യപ്രമേയമായിട്ടുള്ളത്. ഏതാണ് ഈ നാടൻ കല?

**തോൽപാവക്കൂത്ത്**

- യാഥാസ്ഥിതികമായ സൗദി സമൂഹത്തിൽ സ്ത്രീകൾ നയിക്കുന്ന ദുരിതജീവിതത്തിന്റെ നേർച്ചിത്രമാണ് രജാ അൽസാനിയുടെ ഈ നോവൽ. മതവും ഭരണകൂടവും കൈക്കോർക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളും ഈ നോവലിന്റെ ഇതിവൃത്തമാണ്. ഏതാണ് നോവൽ?

**ഗേൾസ് ഓഫ് റിയാദ്**




- ചൈനീസ് ഭരണകൂടത്തിനെതിരായ വിമർശനമാണ് ബസ് സ്റ്റോപ്പ് എന്ന നോവൽ. ആരാണ് നോവലിസ്റ്റ്?

**ഗാവോ ഷിങ്ജിയാൻ**

- • ആദ്യ സ്പാനിഷ് ഡോക്കുമെന്ററി 'സ്യയെൻക' സംവിധാനം ചെയ്തു.

• ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയുടെ സമഗ്ര സംഭാവന പുരസ്കാരം കഴിഞ്ഞ വർഷം നേടി.

• 2013ൽ കേരളത്തിന്റെ സമഗ്ര സംഭാവന പുരസ്കാരം നേടി.

• ബ്ലഡ് വെഡ്ഡിങ്, കാർമൻ, എൽ അമോർ ബ്രൂജോ എന്നിവ അടങ്ങിയ ഫ്ളമിംഗോ ചിത്രപരമ്പരയിലൂടെയാണ് ഇദ്ദേഹം രാജ്യാന്തര ശ്രദ്ധ നേടിയത്.

• അവസാന ചിത്രം 'വോൾസ് ക്യാൻ ടോക്'.

**കാർലോസ് സോറ**

- ഝാർഖണ്ഡിൽ കാർഷിക വൃത്തിയിലേർപ്പെടുന്ന ഉറാവ് ഗോത്രങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ചിത്രകല

**ടോഡ്ക**

- ശ്രീലങ്കൻ പത്രപ്രവർത്തകനായ ടാർസി വിറ്റാച്ചിയുടെ വാക്കുകളാണ് താഴെ.

'കഴിഞ്ഞ അമ്പത് വർഷങ്ങൾക്കിടയിൽ കണ്ട ഏറ്റവും മികച്ച സിനിമ. പടം കണ്ടിറങ്ങുമ്പോൾ ആഹ്ലാദലഹരിയിലായിരുന്നു ഞാൻ. തോക്കിൻ കുഴലിൽനിന്നല്ല യഥാർഥ ശക്തിയുണ്ടാകുന്നതെന്ന തിരിച്ചറിവ് ആ സിനിമ സമ്മാനിച്ചു.'

ഇതിൽ പറയുന്ന സിനിമ ഏത്?

**ഗാന്ധി**

- ഈ സാഹിത്യപ്രതിഭയെ തിരിച്ചറിയുക:
- ഒഡിഷയിലെ വിവിധ കോളേജുകളിൽ അധ്യാപികയായിരുന്ന ഇവർ നോവലുകൾ, കവിതാസമാഹാരങ്ങൾ, കഥാസമാഹാരങ്ങൾ, സഞ്ചാര സാഹിത്യം, ബാലസാഹിത്യം, ജീവചരിത്രം തുടങ്ങിയ മേഖലകളിൽ നൂറോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.
- മൂർത്തി ദേവി പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.
- 2011ലെ ജ്ഞാനപീഠ പുരസ്കാരം ഇവർക്കായിരുന്നു.

**ഡോ. പ്രതിഭാറായ്**



- ഫെമിനിസ്റ്റ് സാഹിത്യ ചിന്തയ്ക്ക് അടിത്തറയിട്ട കൃതികളിലൊന്നായ 'എ റൂം ഓഫ് വൺസ് ഓൺ' എഴുതിയതാര്?

**വിർജീനിയ വൂൾഫ്**

- കെ. ആർ. മോഹനന്റെ 'അശ്വത്ഥാമാവ്' എന്ന ചിത്രത്തിന് തിരക്കഥ എഴുതുകയും മുഖ്യവേഷമണിയുകയും ചെയ്ത നോവലിസ്റ്റാര്?

**മാടമ്പ് കുഞ്ഞുക്കുട്ടൻ**

- കാല്പനിക കാവ്യാംശം വളരെ വിരളവും എന്നാൽ റിയലിസ്റ്റിക് രീതിയുടെ സവിശേഷതകൾ ഏറെ പ്രബലവുമായിട്ടുള്ള ഈ കവിതയ്ക്ക് 100 വയസ് തികയുന്നു. കുമാരനാശാന്റെ ഏത് കൃതിയാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്?

ദുരവസ്ഥ


- ഡൽഹിയിലെ അധികാരവലയങ്ങളെ അനാവരണം ചെയ്തുകൊണ്ട് ദീപ്തി കപൂർ രചിച്ച ക്രൈം നോവൽ

**ഏജ് ഓഫ് വൈസ്**




- 1990ൽ കവിതയ്ക്കുള്ള പുലിറ്റ്സർ പുരസ്കാരം ലഭിച്ച ഈ സെർബിയൻ-അമേരിക്കൻ കവിയെയാണ് 2007 ൽ അമേരിക്കയിൽ ആസ്ഥാനകവിയായി തിരഞ്ഞെടുത്തത്. ആരാണ് 2023 ജനുവരിയിൽ അന്തരിച്ച ഈ കവി?

**ചാൾസ് സിമിച്ച്**



# കലയും സാഹിത്യവും

**ഷിബു എ. എസ്.**

**'നിരന്തരം ചോദ്യം ചെയ്യുന്ന പ്രക്രിയ അവസാനിപ്പിക്കാതിരിക്കലാണ് ശാസ്ത്രത്തിലെ പ്രധാന കാര്യം'**

1. ഗുജറാത്തിലെ ആദിവാസി സാഹിത്യ അക്കാദമിയുടെ സ്ഥാപകനും അദ്ധ്യക്ഷനുമാണ് ഇദ്ദേഹം. ഭീലി ഭാഷയുടെ രൂപമായ ദേഹ്വാലി ഭീലി ഭാഷയിൽ കവിത എഴുതുന്നു. നർമ്മദാ ജില്ലയിലെ ആദിവാസി മിത്തുകളിൽ ഗവേഷണം നടത്തുന്ന ഇദ്ദേഹമാരാണ്?
**ജിതേന്ദ്ര വാസവ**
2. പുസ്തകങ്ങളിൽ ചേർക്കുന്ന ISBN ന്റെ പൂർണ്ണരൂപമെന്ത്?
**ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബുക്ക് നമ്പേഴ്സ്**
3. ഗണിതതന്ത്രജ്ഞനും തത്ത്വചിന്തകനുമായ ബർട്രൻഡ് റസ്സലിന് ഏത് മേഖയിലാണ് നൊബേൽ പുരസ്കാരം ലഭിച്ചത്?
**സാഹിത്യം**



4. മഞ്ഞിലെ വേട്ടക്കാർ (The Hunters in the Snow), മരണത്തിന്റെ ജയഘോഷം (The Triumph of Death) തുടങ്ങിയ ചിത്രങ്ങൾ വരച്ച ഡച്ച് ചിത്രകാരൻ
**പീറ്റർ ബ്രൊയ്ഗെൽ**
5. ഇംഗ്ലീഷ് ഗിത്താറിസ്റ്റായ ടോണി ഇയോമിയാണ് ഈ സംഗീതശാഖയ്ക്ക് തുടക്കമിട്ടത്. ഒരപകടത്തിൽ ടോണിയുടെ രണ്ടുവിരലുകൾ നഷ്ടപ്പെട്ടതിനെത്തുടർന്ന് ഗിത്താർ താഴ്ത്തി കനമുള്ള കമ്പി ഉപയോഗിക്കേണ്ടിവന്നു. ഇതാണ് ഈ സംഗീതശാഖയുടെ പിറവിക്ക് കാരണം. ഏതാണ് ഈ സംഗീതശാഖ?
**ഹെവി മെറ്റൽ**
6. ലോക ക്ലാസിക്കുകളുടെ ഗണത്തിൽപ്പെടുന്ന ബർഗ്മാന്റെ ഈ ചിത്രം പ്ലേഗ് കരിമരണകാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മിച്ച സിനിമയാണ്. ഏതാണ് ചിത്രം?
**സെവൻത് സീൽ (The Seventh Seal)**
7. 1960കളിലും 1970കളിലും എയർ ഇന്ത്യ അവരുടെ വിശിഷ്ട അതിഥികൾക്കും ഒന്നാം ക്ലാസ് യാത്രികർക്കും നൽകിയിരുന്നത് റിവേഴ്സ് ഇമേജ് പെയിന്റിംഗ് എന്ന ആശയത്തിൽ രൂപപ്പെടുത്തിയ ആഷ് ട്രേകളാണ്. ഏത് കലാകാരനാണ് ഇത് രൂപകല്പന ചെയ്തത്?
**സാൽവദോർ ദാലി**



8. കവയിത്രി സിൽവിയ പ്ലാത്തിന്റെ ജീവിതപങ്കാളി ഒരു അതിപ്രശസ്ത കവിയാണ്. ആരാണിദ്ദേഹം?
**ടെഡ് ഹ്യൂസ്**
9. 'കുന്ദലത' എന്ന നോവൽ രചിച്ച അപ്പു നെടുങ്ങാടി കേരളത്തിലെ ഒരു ബാങ്കിന്റെ സ്ഥാപകൻ കൂടിയായിരുന്നു. ഏതാണ് ബാങ്ക്?
**നെടുങ്ങാടി ബാങ്ക്**
10. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ആദ്യത്തെ ഇൻഡോ-ആംഗ്ലിയൻ എഴുത്തുകാരൻ
**ആർ. കെ. നാരായൺ**
11. കലാസാഹിത്യാദികളെ ക്രമപ്പെടുത്തുന്നത് വ്യത്യസ്തമായ നിയമാവലികളാണെന്ന് ഇമ്മാനുവൽ കാന്റ് രേഖപ്പെടുത്തിവയ്ക്കുന്ന നിരൂപണഗ്രന്ഥം
**ക്രിട്ടിക് ഓഫ് ജഡ്ജ്മെന്റ് (The Critique of Judgement)**
12. മധ്യപ്രദേശ്, ഗുജറാത്ത് സംസ്ഥാനങ്ങളിലെ ആദിവാസി ഗോത്രസമൂഹങ്ങളാണ് ഭില്ലുകൾ. ഇവർക്കിടയിൽ പ്രചാരത്തിലുള്ളതാണ് പിത്തോറാ ചിത്രങ്ങൾ. ഇവയെ നവീകരിച്ചതും ജനകീയമാക്കിയതും രാജ്യം പദ്മശ്രീ നല്കി ആദരിച്ച ഒരു മഹതിയാണ്. ആരാണിവർ?
**ഭൂരിഭായി**
13. യാത്രാവിവരണങ്ങൾ രചിക്കുന്ന കാര്യത്തിൽ സ്ത്രീ എഴുത്തുകാർ ഒട്ടും പിന്നിലല്ലായെന്ന് തെളിയിക്കുന്ന പുസ്തകമാണ് 1978ൽ പുറത്തിറങ്ങിയ 'ട്രാവത്സ് വിത്ത് മൈ സെൽഫ് ആൻഡ് എനദർ'. ആരാണ് എഴുത്തുകാരി?
**മാർത്ത ഗെൽഹോൺ**




14. • 'ഡിസ്ട്രോയ് ഷീ സെഡ്' എന്ന നോവൽ രചിക്കുകയും തുടർന്ന് അതേ പേരിൽ സിനിമയുണ്ടാക്കുകയും ചെയ്തു.
• 1973ൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച ഇന്ത്യാസോങ് ഒരു നാടകം, തിരക്കഥ, നോവൽ എന്ന രൂപത്തിലാണ് പുറത്തുവന്നത്.
• 1975ൽ ഇന്ത്യാ സോങ് സിനിമയായി, നാടകാവതരണം 1993ലും.
• അലൻ റെനെ 1959 ൽ സംവിധാനം ചെയ്ത 'ഹിരോഷിമ മോൺ അമോർ' എന്ന ചിത്രത്തിന്റെ തിരക്കഥയ്ക്ക് ഓസ്കാർ അവാർഡ് ലഭിച്ചു.
• ആരാണ് എഴുത്തുകാരി, സംവിധായിക എന്ന രീതിയിൽ പ്രശസ്തയായ ഈ ഫ്രഞ്ച് വനിത?
**മാർഗരറ്റ് ദുറാസ്**
15. അവസാനനാളുകളിൽ തന്റെ കൈവശമുണ്ടായിരുന്നപ്രസിദ്ധീകരിക്കാത്ത നോവലുകളുടെ കൈയെഴുത്തുപ്രതികൾ നശിപ്പിക്കുന്നതിന് ഫ്രാൻസ് കാഫ്ക സുഹൃത്തായ മാക്സ് ബ്രോസിനെ ചുമതലപ്പെടുത്തി. അവയിൽനിന്നാണ് കാഫ്കയുടെ ഒരു വിശ്വപ്രസിദ്ധ നോവൽ പിറവിയെടുത്തത്. ഏതാണ് ആ നോവൽ?
ദ ട്രയൽ
16. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അസാധാരണ വ്യക്തികളെ പരിചയപ്പെടുത്തിക്കൊണ്ട് പി. സായ്നാഥ് രചിച്ച പുതിയ പുസ്തകം.
**ദ ലാസ്റ്റ് ഹീറോസ്: ഫൂട്ട് സോൾജിയേഴ്സ് ഓഫ് ഇന്ത്യൻ ഫ്രീഡം**




17. 'ഓർമ്മകളുടെ ആൽബം' ആരുടെ ആത്മകഥയാണ്?
**മലയാറ്റൂർ രാമകൃഷ്ണൻ**
18. ഇന്ത്യയിലെ ആദ്യത്തെ ആത്മകഥാസാഹിത്യമേത്?
**അർദ്ധകഥാനക്**
19. തകഴിയുടെ ഏത് നോവലാണ് ആദ്യമായി ചലച്ചിത്രരൂപം പ്രാപിച്ചത്?
**രണ്ടിടങ്ങഴി**
20. 'ബെൽഷസാർസ് ഫീസ്റ്റ്' എന്ന പ്രശസ്ത ചിത്രം വരച്ച ഡച്ച് ചിത്രകാരനാര്?
**റെംബ്രാൻഡ്**
21. 1996ലെ അറ്റ്ലാന്റ ഒളിമ്പിക്സിന്റെ ഉദ്ഘാടനവേളയിലെ സംഗീതം ചിട്ടപ്പെടുത്താൻ ഫിലിപ്പ് ഗ്ലാസ്, മിക്കിഹാർട്ട് എന്നിവരോടൊപ്പം നിയുക്തനായ ഇന്ത്യൻ സംഗീതജ്ഞൻ
**സാക്കീർ ഹുസൈൻ**
22. ആദ്യത്തെ പൂർണ്ണ ശബ്ദചലച്ചിത്രം
**ദ ലൈറ്റ്സ് ഓഫ് ന്യൂയോർക്ക് (1928)**




23. 1870 ലെ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധത്തിൽ 29 -ാം വയസിൽ അന്തരിച്ച ഫ്രഞ്ച് ചിത്രകാരൻ
**ഫ്രഡറിക് ബാസിലി**
24. ആരാണ് ഈ എഴുത്തുകാരി?
• 'ദ ബ്ലാക്ക് ഹിൽ' എന്ന നോവലിലൂടെ 2017ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്
• അരുണാചൽ പ്രദേശ് ലിറ്ററി സൊസൈറ്റിയുടെ സ്ഥാപക പ്രസിഡന്റാണ്
• 2011ൽ പദ്മശ്രീ ലഭിച്ചു
**മമാംഗ് ദായി**
25. പന്ത്രണ്ടോളം ഭാഷകളിൽ പ്രസിദ്ധീകരിച്ച ഇദ്ദേഹത്തിന്റെ ആദ്യ നോവലാണ് 'ഉനാസിറ്റ കോൺലേഡി.' മാർകേസിന്റെ ചെറുമകനായ ഇദ്ദേഹത്തിന്റെ പേര്?
**മാറ്റിയോ ഗാർസിയാ എലിസോണ്ടോ**
26. ആരാണ് ഈ പ്രശസ്ത വാസ്തുശില്പി?
• കാലാവസ്ഥയ്ക്കിണങ്ങുന്നതും ഇന്ത്യൻ പാരമ്പര്യത്തിൽ അധിഷ്ഠിതവുമായ കെട്ടിടനിർമ്മിതി രാജ്യത്താകെ പ്രചരിപ്പിച്ചു.
• ചണ്ഡിഗഡ് നഗരസമുച്ചയങ്ങൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ ആസ്ഥാനങ്ങൾ തുടങ്ങിയവ പ്രധാന നിർമ്മിതികൾ.
• വിഖ്യാത വാസ്തുശില്പികളായ ലേകോർബ്യൂഷർ, ലൂയിസ് കഹ്ൻ തുടങ്ങിയവർക്കൊപ്പം പ്രവർത്തിച്ചു.
• ലോകത്തെ ഏറ്റവും മികച്ച വാസ്തുശില്പിക്ക് നല്കുന്ന പ്രിറ്റ്സ്കർ പ്രൈസ് 2018ൽ ലഭിച്ചു.
**ബാലകൃഷ്ണ വിതൽദാസ് ദോഷി (ബി.വി. ദോഷി)**
27. ഡേവിഡ് ഡിയോപ്പിന് 2021ൽ ബുക്കർ പുരസ്കാരം നേടിക്കൊടുത്ത കൃതി
**അറ്റ് നൈറ്റ് ഓൾ ബ്ലഡ് ഈസ് ബ്ലാക്ക്**
28. 'റീഡേഴ്സ് ഡൈജസ്റ്റ്' ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്
**ദി ഇൻഡ്യ ടുഡേ ഗ്രൂപ്പ്**
29. 'പ്രാണനാഥനെനിക്ക് നല്കിയ പരമാനന്ദ രസത്തെ' എന്ന് തുടങ്ങുന്ന പ്രശസ്ത വരികൾ രചിച്ചത്
**ഇരയിമ്മൻ തമ്പി**
30. വിഭജന കാലത്തെ സാധാരണ മനുഷ്യരുടെ പലായനവും കഷ്ടപ്പാടുകളും രേഖപ്പെടുത്തിയ ഉർവ്വശി ബുട്ടാലിയയുടെ അപൂർവ്വ രചന
**മൗനത്തിന്റെ മറുപുറം (The Other Side of Silence)**



31. 'നിരന്തരം ചോദ്യം ചെയ്യുന്ന പ്രക്രിയ അവസാനിപ്പിക്കാതിരിക്കലാണ് ശാസ്ത്രത്തിലെ പ്രധാന കാര്യം'. ഏത് ശാസ്ത്രജ്ഞന്റേതാണ് ഈ വാക്കുകൾ?
**ആൽബർട്ട് ഐൻസ്റ്റീൻ**


JOIN OUR
TELEGRAM
CHANNEL
CLICK HERE